






വത്തിക്കാൻ

# തരംഗം

Vol No.32 No.12 December 2022 കെസിബിസി മീഡിയ

## ലാഭേച്ഛയില്ലാത്ത സന്നദ്ധസംഘടനകൾക്കായി

*മനുഷ്യവികസനത്തിനായി പ്രതിജ്ഞാബദ്ധരായ സന്നദ്ധ സംഘടനകൾ പൊതുനന്മയ്ക്കായി അന്താരാഷ്ട്ര സഹകരണത്തിലേക്കുള്ള പുതിയ പാതകൾ കണ്ടെത്തണമെന്നു പ്രാർത്ഥിക്കുന്നു.*
*- ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ഡിസംബർ 2022*

Rs.5.00



**കൂനമ്മാവ്**, വരാപ്പുഴ അതിരൂപത
വിശുദ്ധ കുര്യാക്കോസ് തീർത്ഥാടനകേന്ദ്രം


വിശുദ്ധ ചാവറ കുര്യാക്കോസച്ചന്റെ പൂജ്യശരീരം അടക്കം ചെയ്തിരിക്കുന്ന തീർഥാടനകേന്ദ്രമായ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദൈവാലയത്തിൽ **വിശുദ്ധന്റെ**

# തിരുനാൾ മഹാമഹം

**26** 2022 ഡിസംബർ മുതൽ 2023 ജനുവരി **03** വരെ

തിരുനാൾ ദിനങ്ങളിൽ രാവിലെ 6-നും 7നും 10.30നും വൈകിട്ട് 5.30നും
**തിരുനാൾ ദിവ്യബലി, നൊവേന**





**2022 ഡിസംബർ 26 തിങ്കൾ**
വൈകിട്ട് 4.30ന്: തിരുസ്വരൂപ പ്രയാണത്തിന് സ്വീകരണം
4.50ന് : പ്രസുദേന്തി വാഴ്ച തുടർന്ന് കൊടികയറ്റം,
പൊന്തിഫിക്കൽ സമൂഹദിവ്യബലി, നൊവേന.

മുഖ്യകാർമികൻ: **റൈറ്റ് റവ. ഡോ. സ്റ്റാൻലി റോമൻ** (ബിഷപ് എമരിത്തൂസ്, കൊല്ലം രൂപത)
വചനപ്രഘോഷണം **റവ. ഫാ. ആന്റണി ലിജോ ഓടത്തക്കൽ** ((ക്രിസ്തുജ്യോതി കോളജ്, ബെംഗലൂരു)

**2022 ഡിസംബർ 30 വെള്ളി** – **സൗഖ്യദായക നേർച്ചസദ്യാദിനം**
രാവിലെ 9.30ന് : പൊന്തിഫിക്കൽ സമൂഹദിവ്യബലി, തിരുനാൾ നൊവേന

മുഖ്യകാർമികൻ: **റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല** (കണ്ണൂർ രൂപത)
വചനപ്രഘോഷണം : **റവ. ഫാ. എബിൻ ജോസ് വാരിയത്ത്** (അസി. ഡയറക്ടർ, ലൂർദ് ഹോസ്പിറ്റൽ, എറണാകുളം)
തുടർന്ന് **നേർച്ചസദ്യ ആശിർവാദവും വിതരണവും** (രാത്രി 8 വരെ)
ഉച്ചയ്ക്ക് 12നും 2 നും 4നും വൈകിട്ട് 5.30നും രാത്രി 7നും ദിവ്യബലിയും നൊവേനയും ഉണ്ടായിരിക്കും.

**2023 ജനുവരി 03 ചൊവ്വ** – **തിരുനാൾ ദിനം** വൈകിട്ട് 5.30ന് പൊന്തിഫിക്കൽ സമൂഹദിവ്യബലി
മുഖ്യകാർമികൻ: **മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ** (വരാപ്പുഴ മെത്രാപ്പോലീത്ത)
വചനപ്രഘോഷണം: **റവ. ഫാ. ലാസർ സിന്റോ തൈപ്പറമ്പിൽ** (പ്രീസ്റ്റ് ഇൻ ചാർജ്, സെന്റ് സെബാസ്റ്റ്യൻ ചർച്ച്, വചനം)
തുടർന്ന് നൊവേന

**മോൺ. സെബാസ്റ്റ്യൻ ലൂയിസ്**
വികാരി

**ഫാ. റിനോയ് സേവ്യർ കളപ്പുരക്കൽ**
സഹവികാരി

**ഫാ. മാനുവൽ ലോപ്പസ്**
പ്രസുദേന്തിമാർ

വത്തിക്കാൻ തരംഗം
VATHICAN THARANGAM
December- 2022
RN. 55 178/94
പുസ്തകം- 32
Monthly
ലക്കം-12

# ഉള്ളടക്കം


- എഡിറ്റോറിയൽ... 4
- പുൽക്കൂട്ടിലെ എളിമ ... 5
- സ്നാപകനെക്കുറിച്ചുള്ള... 16
- തീരദേശ ജനപഥങ്ങളുടെ ...19
- എല്ലാം മറക്കാം ... 21
- ഹയരാർക്കി സ്ഥാപനത്തിന്റെ ... 24
- ആരും അറിയാതെ പോകുമായിരുന്ന ... 26
- ഈ ദിനത്തിൽ ദൈവത്തിന് ... 28
- കൂട്ടായ്മകൾ ... 32
- പ്രാർത്ഥനാ നിയോഗത്തിന്റെ ... 34
- തുളുമ്പാൻ മടിച്ചു നിന്ന ... 35
- വിനയത്തിന്റെ ... 36
- സ്നേഹത്തിന്റെയും ... 37
- വാർത്തയും ചിന്തയും 38



*മുഖ്യരക്ഷാധികാരി*

- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി

*രക്ഷാധികാരികൾ*

- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി


Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656




EDITORIAL

# ആന്തരിക തടവറകളാകരുതേ നമ്മുടെ ഹൃദയങ്ങൾ

ഈ ക്രിസ്മസ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്നു. അടച്ചിടപ്പെട്ട മനുഷ്യഹൃദയങ്ങൾക്കു നേരെ ഇന്നും കൈ നീട്ടുന്നവർ നമുക്ക് ചുറ്റുമുണ്ട്. ആന്തരികമായ തടവറകൾക്ക് സദൃശമായ ആ മനുഷ്യ ഹൃദയങ്ങൾ ചിലപ്പോൾ ഭരണാധികാരികളുടേതാകാം. ചിലപ്പോൾ നമ്മുടേതു തന്നെയാകാം.

കടലോരങ്ങളിൽ ചുഴലിക്കാറ്റും കടലാക്രമണവും മൂലം അതിദാരുണമായ അവസ്ഥയിൽ കഴിയുന്നവർ ഇന്നേറെയുണ്ട്. മലയോരങ്ങളിൽ എപ്പോൾ വേണമെങ്കിലും കിടപ്പാടങ്ങളിൽ തുത്തെറിയപ്പെടുമെന്ന ഭീഷണിയിൽ കഴിയുന്നവരുമുണ്ട്. പ്രളയവും കോവിഡും ചുഴലിക്കാറ്റും ഒപ്പം ഭരണാധികാരികളുടെ അവഗണനയും ആക്ഷേപവും മൂലം ദുഃഖദുരിതങ്ങളിൽ കഴിയുന്ന ജനലക്ഷങ്ങളെ ഓർമ്മിച്ചുകൊണ്ടുവേണം നാം നക്ഷത്രദീപങ്ങൾ കൊളുത്താൻ.

അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിനത്തിൽ ഉക്രെയിൻ യുദ്ധമടക്കം ലോകത്തെങ്ങും ഇതുവരെയുണ്ടായ യുദ്ധങ്ങളും സംഘർഷങ്ങളും മൂലം ഹൃദയമുറിവുകളേറ്റു വാങ്ങിയ ജനകോടികളെ വത്തിക്കാനിൽ വച്ച് ഫ്രാൻസിസ് പാപ്പ അനുസ്മരിച്ചപ്പോൾ പൊട്ടിക്കരഞ്ഞത് ലോകമാധ്യമങ്ങളിലെ കണ്ണീരണിഞ്ഞ വാർത്തയായി, വാർത്താചിത്രങ്ങളായി.



ക്രിസ്മസ് ആഘോഷങ്ങളിൽ, ഒരു കുടുംബത്തിനു വേണ്ടിയെങ്കിലും സ്നേഹത്തിന്റെ വാതിൽ തുറക്കാൻ നാം കാണിക്കുന്ന സന്മനസ്സാണ് ഓരോ ക്രിസ്മസും അർത്ഥവത്താക്കുന്നത്. ഈ സ്നേഹസന്ദേശം ജീവിതത്തിൽ പകർത്താൻ നമുക്കും ശ്രമിക്കാം ❍

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ



# പുൽക്കൂട്ടിലെ എളിമയിൽ വിളങ്ങി, തിരുപ്പിറവിയുടെ അതിസമ്പന്നത: മാർപ്പാപ്പ

**ബാബു കദളിക്കാട്**

SPECIAL REPORT



വത്തിക്കാൻ: ഉദാത്ത ലാളിത്യത്തിനപ്പുറത്ത് ക്രിസ്മസ് പുൽക്കൂടിനെ പുൽകുന്ന മഹാ സമ്പന്നത തിരിച്ചറിയണമെന്ന് ഫ്രാൻസിസ് മാർപാപ്പ. ഉപഭോക്തൃ, വാണിജ്യ പ്രവണതകൾക്കന്യവും വിഭിന്നവുമായ തിരുപ്പിറവിയുടെ ഇടമാണത്. പാപത്തിന്റെയും ഭീതിയുടെയും വേദനയുടെയും നിഴലിൽ അടച്ചിടപ്പെട്ട മനുഷ്യകുലത്തിന്റെ അസ്തിത്വത്തിലാകമാനം പ്രകാശം പരത്താനെത്തുന്ന യേശുവിനെയാണ് ദീപാലംകൃത ക്രിസ്മസ് മരം സൂചിപ്പിക്കുന്നതെന്നും മാർപാപ്പ ഉദ്ബോധിപ്പിച്ചു.

വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ അങ്കണത്തിൽ എല്ലാവർഷവും പതിവുള്ളതു പോലെ തിരുപ്പിറവിത്തിരുന്നാളൊരുക്കത്തിനു തുടക്കമിട്ട് ഇത്തവണ നിർമ്മിച്ച പുൽക്കൂട്ടും നാട്ടിയ ക്രിസ്മസ് ട്രീയും സമ്മാനിച്ചവരെ അഭിസംബോധന ചെയ്യുകയായിരുന്നു ഫ്രാൻസിസ് മാർപാപ്പ. കുഞ്ഞുങ്ങളെയും മുതിർന്നവരെയും ഒരുപോലെ ആകർഷിക്കുന്ന രണ്ട് ദിവ്യ അടയാളങ്ങളാണ് വത്തിക്കാൻ ചത്വരത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ട പുൽക്കൂട്ടും ക്രിസ്മസ് ട്രീയുമെന്ന് മാർപാപ്പ പറഞ്ഞു.

മാനവജീവിതത്തെ ദീപ്തമാക്കുന്ന മൂല്യവത്തായ ഉദ്ബോധനാംശം പേറുന്നു ഓരോ ക്രിസ്മസ് ട്രീയുമെന്ന് മാർപാപ്പ ചൂണ്ടിക്കാട്ടി. ജീവമരങ്ങൾക്കുള്ളതുപോലെ മനുഷ്യർക്കും വേരുകൾ അനിവാര്യമാണ്. നല്ല മണ്ണിൽ വേരുപിടിച്ചിട്ടുള്ളവ ഉറച്ചുനില്ക്കുകയും വളരു




കയും ഫലം പുറപ്പെടുവിക്കുകയും ഉലയ്ക്കുന്ന കാറ്റിനെ ചെറുത്തു നില്ക്കുകയും അതിനെ നോക്കുന്നവർക്ക് ഒരു സൂചകമായിരിക്കുകയും ചെയ്യുന്നു. എന്നാൽ വേരുകളുടെ അഭാവ ത്തിൽ ഇതൊന്നും സംഭവിക്കില്ലെന്നു തിരിച്ചറിയണം. ജീവിതത്തിലെന്ന പോലെ തന്നെ വിശ്വാസത്തിലും വേരുകൾ കാത്തുസൂക്ഷിക്കേണ്ടത് ആവശ്യമാണ്–പാപ്പാ പറഞ്ഞു.

നമ്മുടെ ഒരോരുത്തരുടെയും ചാരെ ആയിരിക്കാൻ മനുഷ്യനായിത്തീർന്ന ദൈവസൂ നുവിന്റെ ജനനത്തെക്കുറിച്ച് വാചാലമാകുന്നുണ്ട് പുൽക്കൂടെന്നു പാപ്പാ ചൂണ്ടിക്കാട്ടി. തനതായ ദാരിദ്ര്യത്തിൽ, തിരുപ്പിറവിയുടെ യഥാർത്ഥ സമ്പന്നത വീണ്ടും കണ്ടെത്താനും തിരുപ്പിറവിരംഗത്തെ മലിനമാക്കുന്ന നിരവധി കാര്യങ്ങളിൽ നിന്ന് ശുദ്ധീകരിക്കാനും പുൽക്കൂട് നമുക്കു പ്രേരകമാകുന്നു. പലപ്പോഴും ഉന്മാദാവസ്ഥയാൽ വീർപ്പുമുട്ടുന്ന നമ്മുടെ നാളുകളിൽ നിശബ്ദതയുടെയും പ്രാർത്ഥനയുടെയും നിമിഷങ്ങൾ കാത്തുസൂക്ഷിക്കേണ്ട ത് എത്രത്തോളം ഗുണകരമാകുമെന്നത് പുൽക്കൂട് നമ്മെ അനുസ്മരിപ്പിക്കുന്നുവെന്നും പാപ്പാ കൂട്ടിച്ചേർത്തു.

മനുഷ്യ സങ്കല്പങ്ങളെ ഉല്ലംഘിക്കുന്ന ദൈവത്തിന്റെ ചെയ്തികളുമായി പൊരുത്തപ്പെടേണ്ട ത് അനിവാര്യമാണെന്ന് ആഗമനകാലത്തെ മൂന്നാം ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വാ യിക്കപ്പെട്ട ദൈവവചന ഭാഗത്തെ അധികരിച്ചുള്ള വചന സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.
'വരാനിരിക്കുന്നവൻ നീ തന്നെയോ അതോ ഞങ്ങൾ മറ്റൊരുവനെ പ്രതീക്ഷിക്കണ മോ?' (മത്തായി 11:4) എന്ന് യേശുവിനോട് ചോദിക്കാൻ, തടവിലായിരിക്കേ ശിഷ്യന്മാ രെ അയയ്ക്കുന്ന സ്നാപക യോഹന്നാനെക്കുറിച്ചുള്ള ഭാഗമായിരുന്നു ഇത്.

വാസ്തവത്തിൽ, യേശുവിന്റെ പ്രവൃത്തികളെക്കുറിച്ചു കേൾക്കുന്ന യോഹന്നാന്, യേശു യഥാർത്ഥത്തിൽ മിശിഹായാണോ അല്ലയോ എന്ന സംശയമുണ്ടാകുന്നു. വാസ്തവ

തീർത്ഥാടനകേന്ദ്രമായ **മാന്നാനം** ആശ്രമദൈവാലയത്തിൽ

**വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറപിതാവിന്റെ**

# തിരുന്നാൾ

**2022 ഡിസംബർ 26 തിങ്കൾ മുതൽ**
**2023 ജനുവരി 3 ചൊവ്വ വരെ**



**ഏവർക്കും സ്വാഗതം**

## ST. KURIAKOSE ELIAS CHAVARA PILGRIM CENTRE

MANNANAM, KOTTAYAM

PH: 0481 2598150, 7829792320, 9447738150

www.saintchavara.org. | Email: chavarapilgrimcentre@gmail.com
facebook: chavarapilgrimcentre, Mannanam

ത്തിൽ, പാപികളെ ശിക്ഷിച്ചുകൊണ്ട് അധികാരം ഉപയോഗിച്ച് നീതി നിർവ്വഹിക്കുന്ന കർക്കശനായ ഒരു മിശിഹായെക്കുറിച്ചാണ് സ്നാപകൻ ചിന്തിച്ചിരുന്നത്. എന്നാൽ ഇപ്പോൾ, നേരെമറിച്ച്, യേശുവിന് എല്ലാവരോടും അനുകമ്പയുടെ വാക്കുകളും പ്രവൃത്തികളുമാണുള്ളത്. അവന്റെ പ്രവർത്തനത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളത് ക്ഷമിക്കുന്ന കാരുണ്യമാണ്. ആകയാൽ 'അന്ധന്മാർ വീണ്ടും കാഴ്ച പ്രാപിക്കുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധീകരിക്കപ്പെടുന്നു, ബധിരർ കേൾക്കുന്നു, മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു, ദരിദ്രരോട് സുവിശേഷം പ്രഘോഷിക്കപ്പെടുന്നു' (മത്തായി 11:5). എന്നിരുന്നാലും, സ്നാപക യോഹന്നാന്റെ ഈ പ്രതിസന്ധിയെക്കുറിച്ച് ചിന്തിക്കുന്നതു നല്ല കാര്യം. കാരണം ഈ വചനഭാഗത്തിന് നമ്മോടും സുപ്രധാനമായ ചിലതെല്ലാം പറയാനാകും.

കാരാഗൃഹത്തിലാണു യോഹന്നാൻ എന്ന് സുവിശേഷം അടിവരയിട്ടു പറയുന്നു. ഇത് ഭൗതികമായ ഒരു സ്ഥലം എന്നതിനു പുറമെ സ്നാപക യോഹന്നാൻ അനുഭവിക്കുന്ന ആന്തരികാവസ്ഥയെയും സൂചിപ്പിക്കുന്നു. കാരാഗൃഹത്തിൽ ഇരുളുണ്ട്; വ്യക്തമായി ഒന്നും കാണാനാകില്ല. മറുപുറം കാണാനുമുള്ള സാദ്ധ്യതയില്ല. തീർച്ചയായും, പാർത്തിരിക്കുന്ന മിശിഹായാണ് യേശുവെന്ന് തിരിച്ചറിയാൻ, വാസ്തവത്തിൽ സ്നാപകന് കഴിയുന്നില്ല. അവൻ സന്ദേഹഭരിതനാകുകയും അന്വേഷിച്ചറിയാൻ ശിഷ്യന്മാരെ അയയ്ക്കുകയും ചെയ്യുന്നു: 'അവൻ മിശിഹാ ആണോ അല്ലയോ എന്ന് പോയി നോക്കൂ'.

യേശുവിനെ ജോർദ്ദാനിൽ സ്നാനപ്പെടുത്തുകയും അവിടത്തെ ദൈവത്തിന്റെ കുഞ്ഞാടായി തന്റെ ശിഷ്യർക്ക് കാണിച്ചുകൊടുക്കുകയും ചെയ്ത യോഹന്നാനു തന്നെ ഇത് സംഭവിക്കുന്നത് നമ്മെ ആശ്ചര്യപ്പെടുത്തുന്നു (യോഹന്നാൻ 1:29).അതേസമയം അതിനർത്ഥം ഏറ്റവും വലിയ വിശ്വാസി പോലും സംശയത്തിന്റെ തുരങ്കത്തിലൂടെ കടന്നുപോകുന്നു എന്നാണ്. ഇത് ഒരു മോശം കാര്യമല്ല, നേരെമറിച്ച്, ആത്മീയ വളർച്ചയ്ക്ക് അത് ചിലപ്പോൾ അത്യന്താപേക്ഷിതവുമാണ്: ദൈവം എപ്പോഴും നാം സങ്കൽപ്പിക്കുന്നതിനേക്കാൾ വലിയവനാണെന്ന് മനസ്സിലാക്കാൻ ഇത് നമ്മെ സഹായിക്കുന്നു; അവൻ ചെയ്യുന്ന പ്രവൃത്തികൾ നമ്മുടെ കണക്കുകൂട്ടലുകൾക്കതീതമാണ്. അവന്റെ പ്രവർത്തനം എല്ലായ്പ്പോഴും വ്യത്യസ്തമാണ്, അത് നമ്മുടെ ആവശ്യങ്ങൾക്കും പ്രതീക്ഷകൾക്കും അപ്പുറത്താണ്; അതിനാൽ നാം അവനെ അന്വേഷിക്കുന്നതും അവന്റെ യഥാർത്ഥ വദനമായി മാറുന്നതും ഒരിക്കലും അവസാനിപ്പിക്കരുത്.

ഒരു മഹാനായ ദൈവശാസ്ത്രജ്ഞൻ പറയാറുണ്ടായിരുന്നു, 'നമുക്ക് അവനെ ഘട്ടം ഘട്ടമായി വീണ്ടും കണ്ടെത്തേണ്ടിയിരിക്കുന്നു...ഒരു പക്ഷേ, നമുക്ക് അവനെ നഷ്ടപ്പെടുമെന്ന കരുതലോടെ തന്നെ' (H. DE LUBAC, Sulle vie di Dio, Milan 2008, 25). സ്നാപകൻ നടത്തിയ അന്വേഷണവും അങ്ങനെയായിരുന്നു. സന്ദേഹ നിഴലിൽ , ഇപ്പോഴും സ്നാപകൻ യേശുവിനെ അന്വേഷിക്കുന്നു. അവനെ ചോദ്യം ചെയ്യുന്നു, അവനുമായി 'ചർച്ച' ചെയ്യുന്നു, ഒടുവിൽ അവനെ വീണ്ടും കണ്ടെത്തുന്നു. ചുരുക്കത്തിൽ, ഒരു സ്ത്രീയിൽ നിന്ന് ജനിച്ച ഏറ്റവും വലിയവൻ എന്ന് യേശു നിർവ്വചിച്ച യോഹന്നാൻ (മത്തായി 11:11), ദൈവത്തെ നമ്മുടെ പദ്ധതികളിൽ അടയ്ക്കരുതെന്ന് നമ്മെ പഠിപ്പിക്കുന്നു. ഇത് എല്ലായ്പ്പോഴും ഒരു അപകടമാണ്, പ്രലോഭനമാണ്: അതായത് നമുക്ക് പറ്റിയ വിധത്തിലുള്ള ഒരു ദൈവത്തെ സൃഷ്ടിക്കുക, ഉപയോഗിക്കാനുള്ള ഒരു ദൈവം. അതേസമയം, ദൈവം മറ്റൊന്നാണ്.

ചിലപ്പോൾ കർത്താവിന്റെ പുതുമയെ തിരിച്ചറിയാൻ കഴിയാതെ നമ്മളും ആന്തരിക തടവറയിൽ സ്നാപകന്റെ അവസ്ഥയിൽ ആയിപ്പോകാം. കർത്താവിനെയാകട്ടെ ,




അവിടുത്തെക്കുറിച്ച് സകലവും അറിയാമെന്ന നമ്മുടെ അനുമാനത്തിന്റെ തടവുകാരനാക്കുന്നു നാം. ഒരാൾക്ക് ഒരിക്കലും ദൈവത്തെക്കുറിച്ച് എല്ലാം അറിയില്ല. നമ്മുടെ സ്വാതന്ത്ര്യത്തെയും തിരഞ്ഞെടുപ്പുകളെയും മാനിച്ചുകൊണ്ട് എപ്പോഴും ഇടപെടുന്ന, എളിമയുടെയും സ്നേഹത്തിന്റെയും ദൈവത്തെക്കാൾ, വിനീതമായ സൗമ്യതയുടെ ദൈവത്തെക്കാൾ, താൻ ആഗ്രഹിക്കുന്നത് ചെയ്യുന്ന ശക്തനായ ഒരു ദൈവമാണ് നമ്മുടെ തലയിലുള്ളത്.

ഒരുപക്ഷേ, നമ്മളും അവനോട് ഇങ്ങനെ ചോദിച്ചേക്കാം: 'യഥാർത്ഥത്തിൽ, ഇത്ര വിനീതനായ നീ തന്നെയാണോ ഞങ്ങളെ രക്ഷിക്കാൻ വരുന്ന ദൈവം?'. സഹോദരങ്ങളുമായുള്ള കാര്യത്തിലും സമാനമായതു സംഭവിക്കാം. കാരണം, നമുക്ക് നമ്മുടേതായ ആശയങ്ങളും മുൻവിധികളും ഉണ്ട്, മറ്റുള്ളവരുടെ – പ്രത്യേകിച്ച് നമ്മിൽ നിന്ന് വ്യത്യസ്തരായി തോന്നുന്നവരുടെ മേൽ– നമ്മൾ കനത്ത മുദ്ര പതിക്കുന്നു. ആഗമനകാലം, വീക്ഷണങ്ങളെ കീഴ്മേൽ മറിക്കുന്ന കാലമാണ്, അവിടെ നാം ദൈവത്തിന്റെ കാരുണ്യത്തിന്റെ മഹാത്മ്യത്താൽ വിസ്മയത്തിലാഴുന്നു.

ആശ്ചര്യം തന്നെ: ദൈവം എപ്പോഴും വിസ്മയിപ്പിക്കുന്നു. നമ്മിൽ എപ്പോഴും വിസ്മയം ഉണർത്തുന്ന ദൈവം.ആഗമനകാലത്ത് ഉണ്ണിയേശുവിന് പുൽക്കൂടൊരുക്കുമ്പോൾ, നമ്മുടെ കർത്താവ് ആരാണെന്ന് നമ്മൾ വീണ്ടും പഠിക്കുന്നു; ചില ചട്ടക്കൂടുകളിൽ നിന്നും ദൈവത്തോടും സഹോദരങ്ങളോടുമുള്ള ചില മുൻവിധികളിൽ നിന്നും പുറത്തുകടക്കാനുള്ള സമയമാണിത്. നമുക്കുവേണ്ടിയുള്ള സമ്മാനങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനുപകരം, അന്ധർ, ബധിരർ, മുടന്തർ എന്നിവരുടെ കാര്യത്തിൽ യേശു ചെയ്തതുപോലെ, മുറിവേറ്റവർക്ക് ആശ്വാസത്തിന്റെ വചനപ്രവൃത്തികൾ സമ്മാനിക്കാൻ കഴിയുന്ന സമയമാണ് ആഗമനകാലം. തിരുപ്പിറവിക്കായുള്ള ഒരുക്കത്തിന്റെ നാളുകളിൽ, പരിശുദ്ധ കന്യകാമറിയം, അമ്മയെന്ന നിലയിൽ നമ്മെ കൈപിടിച്ചു നടത്തുകയും ആഗതനാകുന്ന ദൈവത്തിന്റെ മഹത്വം പൈതലിന്റെ ചെറുമയിൽ തിരിച്ചറിയാൻ നമ്മെ സഹായിക്കുകയും ചെയ്യട്ടെ: മാർപാപ്പ ആശംസിച്ചു. തങ്ങൾ ഭവനങ്ങളിൽ ഉണ്ടാക്കുന്ന പുൽക്കൂട്ടുകളിൽ വയ്ക്കുന്നതിനുള്ള ഉണ്ണിയേശുവിന്റെ രൂപങ്ങൾ കുഞ്ഞുങ്ങൾ ആശീർവദിക്കുന്നതിനായി

കൊണ്ടുവന്നിരിക്കുന്നതിനെക്കുറിച്ച് സംസാരിച്ച ശേഷം പാപ്പാ അവ വെഞ്ചെരിച്ചു. ലോകം മുഴുവനിലും, വിശിഷ്യ യുദ്ധത്തിന്റെ ഭീകരതകളും ഇരുണ്ടതുമായ ദിനങ്ങൾ ജീവിക്കാൻ നിർബന്ധിതരായവരുടെ മേൽ, സമാധാന കിരണം വീശുന്നതിനായി പുല്ക്കൂടിനു മുന്നിൽ പ്രാർത്ഥിക്കാൻ പാപ്പാ കുഞ്ഞുങ്ങളെ ക്ഷണിച്ചു. ഉക്രെയ്നിലെ യുദ്ധം അനേകം ജീവനുകളെ, കുഞ്ഞുങ്ങളെ ഇല്ലാതാക്കുകയാണെന്ന് പാപ്പാ വേദനയോടെ അനുസ്മരിച്ചു.ദക്ഷിണ സുഡാനിൽ ഈയിടെ ഉണ്ടായ അക്രമാസക്തമായ ഏറ്റുമുട്ടലുകളെ അനുസ്മരിച്ച് പാപ്പാ വേദനയും ആശങ്കയും പ്രകടിപ്പിച്ചു. അന്നാട്ടിൽ സമാധാനവും ദേശീയ അനുരഞ്ജനവും ഉണ്ടാകുന്നതിനും അക്രമങ്ങൾക്കറുതിയുണ്ടാകുന്നതിനും പൗരന്മാർ ആദരിക്കപ്പെടുന്നതിനും വേണ്ടി പ്രാർത്ഥിക്കാൻ പാപ്പാ എല്ലാവരെയും ക്ഷണിക്കുകയും ചെയ്തു.

## കണ്ണീരൊഴുക്കി മഹായിടയൻ

മാതാവിന്റെ അമലോത്ഭവത്തിരുനാൾ ദിനത്തിലെ പ്രാർത്ഥനയ്ക്കിടെ മാർപാപ്പ പൊട്ടിക്കരഞ്ഞത് ലോകജനതയുടെയാകെ മനഃസാക്ഷിയെ ആർദ്രമാക്കി.ലോകത്തിൽ നടമാടിയ ഏത് യുദ്ധങ്ങളെയും വേദനയോടെ മാർപാപ്പാമാർ നോക്കിക്കണ്ടതും സമാധാനത്തിനു വേണ്ടി പരിശ്രമിച്ചിട്ടുള്ളതും മാധ്യമങ്ങളിലൂടെ വീണ്ടും അനുസ്മരിക്കപ്പെട്ടതിനു പുറമേ ഉക്രെയ്ൻ യുദ്ധമുയർത്തുന്ന ആനുകാലിക വ്യഥ അതി തീവ്രമായി വീണ്ടും അനാവൃതമാകാൻ ഇടയാക്കി ഫ്രാൻസിസ് പാപ്പായുടെ കണ്ണുനീർ.

അമലോത്ഭവത്തിരുനാൾ ആഘോഷത്തിൽ വത്തിക്കാൻ ഭക്ത്യാദരപൂർവ്വം പങ്കുചേർന്നു. റോമിന്റെ പാരമ്പര്യത്തിൽ ഉൾക്കൊള്ളുന്നതാണ് ഈ ദിനം. പുരാതനമായ സ്പാനിഷ് ചത്വരത്തിലെ പരിശുദ്ധ മറിയത്തിന്റെ തിരുസ്വരൂപത്തിനു മുൻപിൽ മാർപാപ്പ ലോകത്തെ മുഴുവൻ സമർപ്പിച്ച പ്രാർത്ഥിക്കുകയും പുഷ്പാലംകൃതമായ ചക്രം സമർപ്പിക്കുകയും ചെയ്തു. കഴിഞ്ഞവർഷം കൊറോണ മഹാമാരിയുടെ ആധിക്യത്താൽ ജനസാന്നിധ്യം പരിമിതമായിരുന്നു. അതേസമയം, ആയിരക്കണക്കിനു പേർ മാർപാപ്പയോടൊപ്പം ഈ വർഷം പ്രാർത്ഥനയ്ക്കായെത്തി.

പ്രാർത്ഥനാ വേളയിൽ ഓരോ നിയോഗവും എടുത്തു പറഞ്ഞ മാർപാപ്പ ഉക്രെയ്ൻ ജനതയുടെ യുദ്ധഭീകരതയാൽ കലുഷിതമാക്കപ്പെട്ട ജീവിതസാഹചര്യങ്ങൾ മാതാവിന്റെ മുൻപിൽ എടുത്തുപറഞ്ഞപ്പോഴാണ് അല്പസമയത്തേക്ക് വികാരാധീനനായി പൊട്ടിക്കരഞ്ഞത്. ഇന്നേദിവസം ഉക്രയിൻജനതക്കുവേണ്ടി യുദ്ധം അവസാനിച്ചതിന്റെ സന്തോഷം പങ്കിടാൻ വരാൻ സാധിക്കുമെന്ന തന്റെ പ്രതീക്ഷകൾ സാക്ഷാത്കരിക്കപ്പെടാത്തതിന്റെ വേദനയിലാണ് മാർപാപ്പയുടെ കണ്ണുനീർ ഈ ഭൂമിയിൽ പതിച്ചത്. തുടർന്ന് ആളുകളുടെ കരഘോഷം മാതാവിന്റെ മുൻപിൽ വീണ്ടും പ്രതീക്ഷകളോടെ, വിശ്വാസത്തോടെ വേദനയുടെ കടലിൽ കഴിയുന്ന ഉക്രൈൻ ജനതക്കുവേണ്ടി കരങ്ങൾ കൂപ്പുവാനും പ്രാർത്ഥിക്കുവാനും മാർപ്പാപ്പയെ ശക്തിപ്പെടുത്തി.

ക്രിസ്മസിനെ വരവേൽക്കാനൊരുങ്ങുന്നതിനിടെ, അമീത്തിയെ ജൂദേയോ ക്രിസ്റ്റിൻ ദെ ഫ്രാൻസ് (Amitie judeo chrerienne De France) എന്നറിയപ്പെടുന്ന ഫ്രാൻസിലെ യഹൂദ-ക്രൈസ്തവ മൈത്രിയുടെ എഴുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച്, അതിന്റെ അറുപതോളം പ്രതിനിധികളെ വത്തിക്കാനിൽ സ്വീകരിച്ച് ഫ്രാൻസിസ് പാപ്പാ ഉഷ്മള സ്നേഹം ചൊരിഞ്ഞു. പരസ്പര ധാരണ, ആദരവ്, സൗഹൃദം, അറിവ് എന്നിവയിൽ വളരുന്നതിന് ക്രൈസ്തവരെയും യഹൂദരെയും സഹായിക്കുന്നതിനായി പഠനത്തി



പുത്തൻ ദൃശ്യ വിസ്മയങ്ങളുമായി...
കേരളക്കരയുടെ ഏറ്റവും വലിയ ബൈബിൾ നാടകം !.....
BABU THALAYAR BIJU JOSEPH THIRUVALLA
PRESENTS
JESUS
BARABAS
ആശിർവാദം
A BIG BUDGET CINE VISUAL
STAGE BIBLE DRAMA
ജീസസ്
ബറബ്ബാസ്
RAJU L PAUL
BABU THALAYAR JOSEPH THIRUVALLA
SOBHA SURESHBABU
SUNDARAN KALLAI
Fr : STEEPHEN THOMAS CHALAKKARA (KCYM STATE DIRECTOR)
EZHACHWRY RAMACHANDRAN POOCHKAL SHAHUL ANCHAL UDAYAKUMAR
KOTTAYAM MURALIKRISHNA ARTIST SUJATHAN
SECRETERY , P.S.MURALI, ADHENA, DARSHANA ARTS CENTER, KUMBALATHU BULDIND, NEAR KSRTC BUS STAND HARIPADU
PH: 9847081272, 9037334149, 9847793304

ന്റെയും സംഭാഷണത്തിന്റെയും സരണിയിലൂടെയാണ് ഈ പ്രസ്ഥാനം നിശ്ചയദാർഢ്യത്തോടെ സജീവമായി നീങ്ങുന്നതെന്ന് പാപ്പാ അനുസ്മരിച്ചു.

സംഭാഷണത്തിന്റെയും സാഹോദര്യത്തിന്റെയും പൊതുവായ സംരംഭങ്ങളുടെയും പാതയിൽ തുടരുന്നതിന് പാപ്പാ ഈ സൗഹൃദകൂട്ടായ്മയ്ക്ക് പ്രചോദനം പകർന്നു. അടച്ചിടലിന്റെയും അപരനെ തിരസ്കരിക്കലിന്റെയും പ്രവണത ശക്തമായിരിക്കുന്ന ഈ കാലഘട്ടത്തിൽ, പ്രത്യേകിച്ച്, യഹൂദവിരുദ്ധതയും ക്രിസ്തീയവിരുദ്ധതയും ആശങ്കജനകമാം വിധം വീണ്ടും തലപൊക്കുന്ന വേളയിൽ ഈ പാതയിൽ മുന്നേറുകയെന്നത് സുഗമമല്ലാത്ത ദൗത്യമാണ്. ക്രൈസ്തവരും യഹൂദരും തമ്മിൽ കൂടുതൽ അടുക്കുന്നതിനുള്ള വഴിയൊരുക്കുന്നതിൽ ഈ സൗഹൃദകൂട്ടായ്മയുടെ സ്ഥാപകരിൽ ഒരാളായ ജൂലീസ് ഇസാക് വഹിച്ച പങ്ക് പാപ്പാ അനുസ്മരിച്ചു.

2018–ലെ സമാധാന നൊബേൽ പുരസ്ക്കാര ജേതാവായ ഡെനിസ് മുക്വേജെ വത്തിക്കാനിൽ എത്തി ഫ്രാൻസിസ് പാപ്പായുമായി കൂടിക്കാഴ്ച നടത്തി.ഫ്രാൻസീസ് പാപ്പായുടെ ഭാവി കോംഗൊ റിപ്പബ്ലിക് സന്ദർശനം ശക്തമായൊരു അടയാളമായിരിക്കുമെന്ന് പ്രശസ്ത ഗൈനക്കോളജിസ്റ്റ് ആയ അദ്ദേഹം വത്തിക്കാൻ വാർത്താവിഭാഗത്തോട് സംസാരിക്കവേ അഭിപ്രായപ്പെട്ടു.

പാപ്പാ ജനുവരി 31 മുതൽ ഫെബ്രുവരി 3 വരെ കോംഗോയിൽ നടത്തുന്ന സന്ദർശനം ആ മേഖലയിലെ മാനവിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് വഴി തെളിക്കുമെന്ന പ്രത്യാശ ഡോക്ടർ ഡെനിസ് മുക്വേജെ പങ്കിട്ടു. കോംഗോയ്ക്കു ശേഷം ദക്ഷിണ സുഡാനിലെയും അപ്പസ്തോലിക സന്ദർശനാനന്തരം അഞ്ചാം തീയതിയാകും പാപ്പാ വത്തിക്കാനിലേക്കു മടങ്ങുന്നത്.അന്നാട്ടുകളിലെലെ അവസ്ഥയിലേക്ക് ലോകശ്രദ്ധ ക്ഷണിക്കുന്നതിന് ഈ ഇടയസന്ദർശനം സഹായകമാകുമെന്ന് കോംഗൊയിലെ പ്രമുഖ മനുഷ്യാവകാശ പ്രവർത്തകൻ കൂടിയായ ഈ 67 കാരൻ പ്രതീക്ഷ പ്രകടിപ്പിച്ചു.

**'വിശ്വ ശാന്തി'യാകട്ടെ**
**ക്രിസ്മസ് സമ്മാനം**

വിശ്വ ശാന്തിയാണ് താൻ ഈ തിരുപ്പിറവിത്തിരുന്നാളിൽ ചോദിക്കുന്ന സമ്മാനമെന്ന്, സ്പെയിനിലെ ദിനപ്പത്രമായ എബിസിയ്ക്ക് അനുവദിച്ച അഭിമുഖത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞു. ഈ ക്രിസ്തുമസ്സിന് എന്തു സമ്മാനമായിരിക്കും ആവശ്യപ്പെടുക എന്ന ചോദ്യത്തിനായിരുന്നു പാപ്പാ ഈ ഉത്തരമേകിയത്.മ്യാന്മർ, യെമൻ, സിറിയ തുടങ്ങി ലോകത്തിൽ വിവിധ ഇടങ്ങളിൽ യുദ്ധങ്ങൾ നടക്കുന്നുണ്ടെന്നും എന്നാൽ ഉക്രെയ്ൻ യുദ്ധം നമ്മെ കൂടുതൽ അടുത്തു നിന്ന് സ്പർശിക്കുന്നുവെന്നും പറഞ്ഞ പാപ്പാ സിറിയയിൽ യുദ്ധം ആരംഭിച്ചിട്ട് 13 വർഷമായി എന്നും അനുസ്മരിച്ചു.

ആഗതനാകുന്ന ദൈവത്തിന്റെ മാഹാത്മ്യം തിരിച്ചറിയാൻ പരിശുദ്ധ കന്യകാമറിയത്തിന്റെ സഹായമുണ്ടാകട്ടെയെന്ന് 'തിരുപ്പിറവി', 'ആഗമനകാലം' എന്നീ ഹാഷ്ടാഗുകളോടെയുള്ള ട്വിറ്റർ സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ ആശംസിച്ചു.'ക്രിസ്തുമസിനുള്ള ഒരുക്കത്തിന്റെ ഈ നാളുകളിൽ പരിശുദ്ധ അമ്മ നമ്മെ കൈപിടിച്ചു നടത്തുകയും, ആഗതനാകുന്ന ദൈവത്തിന്റെ മഹത്വം അവളുടെ പൈതലിന്റെ ചെറുമയിൽ തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യട്ടെ'– ഇപ്രകാരമായിരുന്നു പാപ്പായുടെ സന്ദേശം.

പാപ്പായുടെ ദാനധർമ്മാദി കാര്യങ്ങൾക്കായുള്ള വിഭാഗത്തിന്റെ തലവൻ കർദ്ദിനാൾ കൊൺറാഡ് ക്രയേവ്സ്കി യുദ്ധക്കെടുതികളേറ്റുവാങ്ങുന്ന ഉക്രെയ്ൻ ജനതയുടെ നിസ്സഹായത ക്രിസ്മസ് കാലത്ത് സവിശേഷമായി അടയാളപ്പെടുത്തി ല് വീവിൽ എത്തിയത് പാപ്പായുടെ മാനവിക സഹായവുമായാണ്. വൈദ്യുതിയുല്പാദന യന്ത്രങ്ങൾ, ചൂടുവസ്ത്രങ്ങൾ എന്നിവ അദ്ദേഹം കൈമാറി. സപ്പൊറിഷ്യ, ഓഡീസ, കിയേവ്, തുടങ്ങിയ വിവിധ പ്രദേശങ്ങളിലും കർദ്ദിനാൾ ക്രയേവ്സ്കി ഈ സഹായം എത്തിക്കും.

**ശത പുൽക്കൂടുകൾ സജ്ജം**

കാലങ്ങളായി ക്രിസ്തുമസ് കാലത്ത് വത്തിക്കാൻ ചത്വരത്തിന്റെ മനോഹാരിത വർധിപ്പിക്കുന്ന രംഗമാണ് ഈശോയുടെ ജനനം ചിത്രീകരിക്കുന്ന നൂറ് പുൽക്കൂടുകൾ ഒരുക്കപ്പെടുന്ന ബെർണിനിയുടെ സ്തൂപസമുച്ചയം. ഈ വർഷവും ഈ വലിയ സംരംഭത്തിന് തുടക്കം കുറിച്ചു. ലോകമെമ്പാടുമുള്ള കലാകാരന്മാരുടെ ഭാവനാ സൃഷ്ടികൾ ഒരുമിച്ച് ഒരു കുടക്കീഴിൽ അണിനിരക്കുമ്പോൾ ലോകത്തിലുള്ള എല്ലാവരെയും യാതൊരു വ്യത്യാസവും കൂടാതെ വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിലേക്ക് ആലിംഗനം ചെയ്തു സ്വീകരിക്കുന്ന ബെർണിനിയുടെ വാസ്തുകലയുടെ ഉന്നതിക്ക് മാറ്റുകൂട്ടുന്നു. ജനുവരി 8 വരെ എല്ലാ ദിവസവും 10.00 മുതൽ 19.00 വരെയാണ് പ്രദർശനസമയം. സൗജന്യമാണ് ഈ പ്രദർശനം. പ്രധാനമായും ഉക്രെയ്ൻ, ഹംഗറി, സ്ലോവേനിയ എന്നിവയുൾപ്പെടെ വിവിധ യൂറോപ്യൻ രാജ്യങ്ങളുമായി ബന്ധപ്പെട്ടതാണ് സമകാലിക ലോകത്തെ വെല്ലുവിളികളും പ്രതിസന്ധികളും കേന്ദ്രീകരിച്ചുള്ള രംഗചിത്രങ്ങൾ. ❍





Moran Mor Baselios Cardinal Cleemis Catholicos
Major Archbishop of Syro Malankara Catholic Church


Mar Pauly Kannookadan
(Bishop of Irinjalakuda)


Rt. Rev. Dr. Alex Vadakumthala
Bishop of Kannur

## കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ

## കെസിബിസി പ്രസിഡന്റ്

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സീറോ മലങ്കര സഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ കെസിബിസി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. വൈസ്പ്രസിഡന്റായി ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ അഭിവന്ദ്യ പോളി കണ്ണൂക്കാടനും സെക്രട്ടറി ജനറാളായി കണ്ണൂർ രൂപാതാധ്യക്ഷൻ അഭിവന്ദ്യ അലക്സ് വടക്കുംതലയും തെരഞ്ഞെടുക്കപ്പെട്ടു.

---

## മനുഷ്യരെ ഐക്യപ്പെടുത്തുന്ന തിരുനാളാണ്

## ക്രിസ്തുമസ്: കെസിബിസി

കൊച്ചി: വാതിലുകളില്ലാത്ത പുൽക്കൂടിലിൽ പ്രത്യാശയുടെയും സമാധാനത്തിന്റെയും പ്രതീകമായി വന്നുപിറന്ന ഉണ്ണിയേശു മനുഷ്യരായ നമ്മുടെ ഹൃദയ കവാടങ്ങൾ സഹോദരങ്ങൾക്കായി മലർക്കെ തുറന്നിടാനാണ് ആഹ്വാനം ചെയ്യുന്നത്. ആരെയും അകറ്റി നിർത്താതെ എല്ലാവരിലേക്കും സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും സന്ദേശങ്ങൾ പകരാൻ "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ നല്ല മനസ്സുള്ളവർക്കു സമാധാനം" എന്ന ക്രിസ്തുമസ് ഗീതം നമ്മെ പ്രേരിപ്പിക്കുന്നു. എല്ലാ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും തുറവിയോടെ സമീപിച്ചുകൊണ്ട് ഈ ഭൂമിയിൽ സമാധാനം സംസ്ഥാപിക്കാനുള്ള നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തത്തെ ഓർമ്മിപ്പിക്കുന്ന ഈ ക്രിസ്തുമസ്സിന്റെ നന്മകൾ കേരള സമൂഹത്തിന് ആശംസിക്കുന്നുവെന്ന് കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് ബാവ, വൈസ് പ്രസിഡന്റ് ബിഷപ് മാർ പോളി കണ്ണൂക്കാടൻ, സെക്രട്ടറി ജനറൽ ബിഷപ് അലക്സ് വടക്കുംതല എന്നിവർ പ്രസ്താവിച്ചു.

**ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.


# 10-ാമത് തീർത്ഥാടക തിരുനാൾ മഹോത്സവം

## 2023 ജനുവരി 6 വെള്ളി മുതൽ 15 ഞായർ വരെ

**ജനുവരി 6 5 : 30 pm കൊടിയേറ്റ് , തുടർന്ന് ദിവ്യബലി**

മുഖ്യ കാർമ്മികൻ:

**റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവേൽ ( നെയ്യാറ്റിൻകര മെത്രാൻ )**





# സ്നാപകനെക്കുറിച്ചുള്ള പാപ്പയുടെ മൂന്ന് ചിന്തകൾ

അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**



യേശുവിന്റെ ആഗമനത്തെ കുറിച്ച് സൂചിപ്പിക്കുകയും മാനസാന്തരത്തിന് ആഹ്വാനം ചെയ്യുകയും ചെയ്ത യൂദയായിലെ മരുഭൂമിയിലെ സ്നാപക യോഹന്നാനെ അവതരിപ്പിക്കുന്ന വി.മത്തായിയുടെ സുവിശേഷം മൂന്നാം അദ്ധ്യായം ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള ഭാഗത്തെ അപഗ്രഥിച്ചാണ് 2022 ഡിസംബർ നാലിന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ പ്രബോധനം നൽകിയത്. തീവ്ര വിരക്തനും കാർക്കശ്യ സ്വഭാവക്കാരനും പരുക്കനും ആയിട്ട് സുവിശേഷകൻ അവതരിപ്പിക്കുന്ന സ്നാപകയോഹന്നാനെ കുറിച്ച് പഠിപ്പിക്കുന്ന പാപ്പ മൂന്നു ചിന്തകൾ നൽകുന്നു. 1) ഇരട്ടത്താപ്പ് കൃപയില്ലാതാക്കും 2) എളിമ – കൃപയുടെ പാത 3) പരിവർത്തനം – അവശ്യ ഘടകം

## <u>ഇരട്ടത്താപ്പ് കൃപയില്ലാതാക്കും</u>

പാപ്പാ പറയുന്നത് സ്നാപകൻ ഒരു കഠിന മനുഷ്യൻ എന്നതിനേക്കാൾ ഇരട്ടത്താപ്പിനോട് പൊരുത്തപ്പെടാത്ത വ്യക്തി ആണെന്നാണ്. ഫ്രീശന്മാരും സദുക്യരും 'ഞങ്ങൾക്ക് പിതാവായി അബ്രാഹം ഉണ്ട്" (മത്താ:3:9) എന്ന അഭിമാനത്തോടെ സ്വയം ന്യായീകരണവുമായി വന്നപ്പോൾ കർക്കശ സ്വരത്തിൽ സ്നാപക യോഹന്നാൻ അവരുടെ ധാർഷ്ട്യത്തിനും ഇരട്ടത്താപ്പിനും എതിരായി മാനസാന്തരത്തിന് യോജിച്ച ഫലം പുറപ്പെടുവിക്കുവാനാണ് (മത്താ:3:8) ആഹ്വാനം ചെയ്യുന്നത്. ഇതിനെ പാപ്പ പറയുന്നത് സ്വപുത്രൻ നശിക്കുന്നതു കണ്ട് അവനെ ശക്തിയായി തിരുത്തുന്ന ഒരു പിതാവിന്റെ

സ്നേഹത്തിന്റെ രോദനം പോലെയാണെന്നാണ്. പാപ്പ പറയുന്നത് സ്നാപകനെ സമീപിച്ചവർ കാപട്യം മുഖമുദ്രയാക്കിയവരാണ് എന്നാണ്. ഏറ്റവും പവിത്രമായ യാഥാർത്ഥ്യങ്ങളെ പോലും കാപട്യം നശിപ്പിക്കും. കാപട്യം വലിയ അപകടമാണ്. വിനയത്തോടെ പാപങ്ങൾ ഏറ്റുപറഞ്ഞ് സ്നാനമേറ്റവർ (മത്താ:3:5) സ്വയം കാപട്യത്തെ തിരിച്ചറിഞ്ഞവരും വലിയവനാണെന്ന അഹന്ത മാറ്റി എളിമപ്പെട്ടവരുമാണ്. ഈശോയുടെ ജനന തിരുന്നാൾ ഘോഷിക്കുന്ന നാം അഹങ്കാരത്തിന്റെ ഉന്നതത്തിൽ നിന്നിറങ്ങി അനുതാപത്തിന്റെ വെള്ളത്തിൽ മുങ്ങണമെന്നാണ് പാപ്പ ആഹ്വാനം ചെയ്യുന്നത്.

## എളിമ – കൃപയുടെ പാത

പാപ്പാ ചോദിക്കുന്നത് നമ്മളും പലപ്പോഴും നമ്മുടെ സ്വന്തം പെരുമാറ്റങ്ങളെയും മനോഭാവങ്ങളേയും കുറിച്ച് ചിന്തിക്കേണ്ടതുണ്ടെന്നാണ്. സുവിശേഷത്തിൽ പറയുന്നതു പോലെ ഫ്രീശന്മാരെ പോലെ പലപ്പോഴും നാം മറ്റുള്ളവരേക്കാൾ മികച്ചവരാണെന്നും എല്ലാം നമ്മുടെ നിയന്ത്രണത്തിലാണെന്നും ദിവസവും ദൈവസഹായമോ മറ്റുള്ളവരുടെ സഹായമോ ആവശ്യമില്ലെന്നും ചിന്തിച്ച് മിഥ്യാബോധത്തിൽ കഴിയുന്ന അഹങ്കാരികളാണോ എന്ന് സ്വയം വിലയിരുത്തണമെന്നാണ്.
പാപ്പാ തുടർന്നു പറഞ്ഞു: 'ആഗമന കാലം നമ്മെ നമ്മുടെ മുഖംമൂടികൾ അഴിച്ചുമാറ്റാനും എളിമയുള്ളവരോടൊപ്പം അണിനിരക്കാനും തങ്ങൾ സ്വയം പര്യാപ്തരാണെന്നുള്ള അഹന്ത ചിന്തയിൽ നിന്നും മോചനം നേടി പാപങ്ങൾ ഏറ്റു പറഞ്ഞ് ദ്രോഹിച്ചവരോട് മാപ്പ് ചോദിച്ച് ദൈവകരുണക്കായ് എളിമയോടെ യാചിക്കാനുമുള്ള കൃപയുടെ കാലഘട്ടമാണ്.' ഇങ്ങിനെ ക്ഷമ ചോദിക്കുമ്പോൾ നാം പുതിയ ഒരു ജീവിതം ആരംഭിക്കുന്നു. പാപ്പാ തറപ്പിച്ച് പറയുന്നത് ഇതിന് ഒരേ ഒരു വഴി മാത്രമേ ഉള്ളൂ: എളിമയുടെ വഴി മാത്രം. എളിമ നമ്മുടെ ബലഹീനതകൾ; കാപട്യങ്ങൾ; ഞാനെന്ന ഭാവം എന്നിവയിൽ നിന്നും മോചിച്ച് നാം പാപികളും ബലഹീനരുമാണെന്നും ശുദ്ധീകരണം ആവശ്യമുള്ളവരുമാണെന്ന ബോധ്യം നൽകുന്നു. നമ്മൾ ആയിരിക്കുന്ന പാപാവസ്ഥയിൽ നിന്നു ഉയർത്തപ്പെട്ട് രക്ഷകനായ ഈശോയെ ദർശിക്കാനുള്ള മാർഗ്ഗമാണ് എളിമ.

## പരിവർത്തനം – അവശ്യ ഘടകം

എല്ലായ്പ്പോഴും പുതിയ ജീവിതം ഈശോയോടു കൂടിയാണ് ആരംഭിക്കാൻ കഴിയുക. ഇന്ന് നാം ചിന്തിക്കണം ഒരിക്കലും നാം വൈകിയിട്ടില്ല. പുനരാരംഭ സാദ്ധ്യത ഇനിയുമുണ്ട്. പാപ്പാ പറയുന്നു: 'ധൈര്യമായിരിക്കുക, അവൻ നമ്മുടെ കൂടെയുണ്ട്.' ഈശോയോടു കൂടി ഒരു ചുവടു കൂടി വയ്ക്കാനുള്ള സാധ്യത എപ്പോഴും ഉണ്ട്. പാപ്പാ പറയുന്നത് അവിടുന്ന് നമുക്കായ് കാത്തിരിക്കുന്നു. നമ്മുടെ കാര്യത്തിൽ അവിടുന്ന് തളരുന്നില്ല. ഒരിക്കലും മടുക്കുന്നില്ല. ദൈവത്തിലേക്ക് മടങ്ങാനുള്ള സ്നാപക യോഹന്നാന്റെ അഭ്യർത്ഥന നമുക്ക് ശ്രവിക്കാം. ആഗമനകാലം പഞ്ചാംഗത്തിലെ ദിവസങ്ങൾ പോലെ കടന്നു പോകാൻ അനുവദിക്കരുത്. കാരണം ഇത് നമുക്ക് കൃപയുടെ സമയമാണ്. പരിവർത്തനത്തിലൂടെ നമുക്ക് ഇത് സ്വന്തമാക്കാൻ പാപ്പ പ്രബോധിപ്പിക്കുന്നു. കാപട്യമില്ലാതെ എളിമയുടെ പാതയിൽ ചരിക്കാൻ ഉള്ള ക്ഷണമാണ് ആഗമന കാലം നമ്മുടെ മുമ്പിൽ വക്കുന്നത്. എളിമയുടെ മൂർത്തി ഭാവമായ നമ്മുടെ സ്വർഗീയ അമ്മയായ പരി. മറിയം നമ്മെ സഹായിക്കട്ടെ. ❍

കോട്ടപ്പുറം രൂപത



# മടപ്ലാതുരുത്ത്
# സെന്റ് ജോർജ്ജ് ദൈവാലയത്തിൽ

## പുണ്യശ്ലോകൻ
## ഫാ. തിയോഫിലസ് പാണ്ടിപ്പിള്ളിയുടെ

# ദൈവദാസ പദവി പ്രഖ്യാപനം



ഡിസംബർ 26 തിങ്കൾ വൈകീട്ട് 3 ന്
മടപ്ലാതുരുത്ത് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ



# തീരദേശ ജനപഥങ്ങൾക്ക് വേണ്ടി സ്വജീവിതം ബലിയർപ്പിച്ച ഇടയൻ ദൈവദാസ പദവിയിലേക്ക്




**റൈറ്റ്. റവ. ഡോ. ജോസഫ് കാരിക്കശേരി**
കോട്ടപ്പുറം രൂപത മെത്രാൻ


ആത്മീയതയുടെ അളവുകോൽ കാണപ്പെടുന്ന സഹോദരങ്ങളോടുള്ള സ്നേഹമാണെന്നു പറഞ്ഞ വിശുദ്ധ അമ്മത്രേസ്യയുടെ മൊഴികൾ ജീവിതമാക്കി മാറ്റിയ വ്യക്തിയാണ് നമ്മുടെ രൂപതാംഗമായിരുന്ന പുണ്യസ്മരണാർഹനായ ഫാ. തിയോഫിലസ് പാണ്ടിപ്പിള്ളി. പൗരോഹിത്യം അൾത്താരയിൽ ഒതുങ്ങാനുള്ളതല്ലെന്നും സമൂഹത്തിൽ സ്നേഹവും സേവനവുമായി തണൽ വിരിക്കാനുള്ളതാണെന്നും ഈ പുണ്യശ്ലോകന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ആഗോളമിഷൻ പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ചൈതന്യത്തോടെ ഇന്നത്തെ കോട്ടപ്പുറം, വരാപ്പുഴ , കൊച്ചി, ആലപ്പുഴ രൂപതകളുടെ തീരദേശത്തുകൂടെ ഓടിനടന്ന് സുവിശേഷം പ്രസംഗിക്കുകയും അവശർക്കും ആർത്തർക്കും ആലംബഹീനർക്കും ക്രിസ്തുവിന്റെ സാന്ത്വനമായി തീരുകയും ചെയ്ത പുണ്യാത്മാവാണ് പാണ്ടിപ്പിള്ളിയച്ചൻ.

അദ്ദേഹം നിത്യതയിലേക്ക് യാത്രയായിട്ട് 2022 ഡിസംബർ 26 ന് 75 വർഷങ്ങൾ പിന്നിടുകയാണ്. ആ ദിനത്തിൽ തന്നെ അദ്ദേഹം ദൈവദാസ പദവിയിലേക്ക് ഉയരുന്നത് കേരള സഭയ്ക്ക് ആഹ്ലാദകരമായ സന്ദർഭമാണ്.

ഇന്നത്തെ വടക്കേക്കര പഞ്ചായത്തിൽ വാവക്കാട് ഗ്രാമത്തിലാണ് പാണ്ടിപ്പിള്ളിയച്ചന്റെ ജനനം. അന്നത്തെ പള്ളിപ്പുറം മഞ്ഞു മാതാ ഇടവകയിൽ പാണ്ടിപ്പിള്ളി ജോസഫ് – മറിയം ദമ്പതികളുടെ മൂന്നാമത്തെ മകനായി 1860 ഒക്ടോബർ 10 ന് അദ്ദേഹം ഭൂജാതനായി. വി. ഫ്രാൻസിസ് സേവ്യറിന്റെ നാമമാണ് ജ്ഞാനസ്നാന സമയത്ത് അദ്ദേ

ഹത്തിന് നൽകപ്പെട്ടത്. . കോളറ മൂലം മാതാപിതാക്കളെ നഷ്ടപ്പെട്ട് ശൈശവത്തിൽ അനാഥത്വം പേറേണ്ടിവന്ന സേവ്യർ പള്ളിപ്പുറത്ത് പടമാടൻകുടുംബത്തിൽപ്പെട്ട പിതാമഹന്റെയും മാതാമഹിയുടെയും സംരക്ഷണത്തിലാണ് പിന്നീട് വളർന്നത്. മാതൃഭക്തനായ സേവ്യർ പക്വതയെത്തിയപ്പോൾ കർമ്മലീത്ത സഭയിൽ ചേർന്ന് സന്യാസ വൈദീകനാകാൻ തീരുമാനമെടുത്തു. മഞ്ഞുമ്മൽ കർമ്മലീത്ത സഭയിൽ യോഗാർത്ഥിയായി ചേർന്നു. തിയോഫിലസ് എന്ന നാമം സ്വീകരിച്ച അദ്ദേഹം ലെയോനാർദ് മെല്ലാനോ മെത്രാപ്പോലീത്തയിൽ നിന്ന് വൈദീകപട്ടം സ്വീകരിച്ചു.

അവിഭക്ത വരാപ്പുഴ അതിരൂപതയിൽ പനങ്ങാട് സെന്റ് ആന്റണീസ് , കാര മൗണ്ട് കാർമ്മൽ , മതിലകം സെന്റ് ജോസഫ് ഇടവകകളിൽ വികാരിയായി ശുശ്രൂഷചെയ്തു. ഓരോ കുടുംബത്തിലെയും അംഗങ്ങളെ പേരെടുത്തു വിളിക്കാൻ തക്ക ബന്ധം അദ്ദേഹത്തിന് ഇടവകകളിലുണ്ടായിരുന്നു. ജാതിയുടെയും മതത്തിന്റെയും അതിർവരമ്പുകളില്ലാതെ, ദരിദ്രനെന്നോ സമ്പന്നനെന്നോ, പാപിയെന്നോ വിശുദ്ധനെന്നോ നോക്കാതെ, സർവ്വ ജനത്തിന്റെയും ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ ഹൃദയങ്ങൾ അദ്ദേഹം കീഴടക്കി. അദ്ദേഹത്തിന്റെ ഭവന സന്ദർശനങ്ങൾ സമ്പന്നനിൽ നിന്ന് ദരിദ്രനിലേക്ക് പങ്കുവയ്പിന്റെ പാലം പണിയുന്ന അനുഭവമായി മാറി.

ജീവിതാവസാനകാലത്ത് ഫാ. പാണ്ടിപ്പിള്ളി മടപ്ലാതുരുത്ത് കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചത്. കാര, അഴീക്കോട്, പള്ളിപ്പുറം. വൈപ്പിൻ , ഫോർട്ട് കൊച്ചി തുടങ്ങി ആലപ്പുഴ വരെ തീരദേശത്തുകൂടെ അച്ചൻ തന്റെ പ്രേഷിത വീഥി രൂപപ്പെടുത്തി. ഈ പ്രദേശങ്ങളിലെല്ലാം അദ്ദേഹം ദൈവവചനമാകുന്ന വിത്ത് വിതച്ചു.അതുപോലെ ധാരാളം ഉപവി പ്രവർത്തനങ്ങളും നടത്തി. ഗ്രാമ ഗ്രാമാന്തരങ്ങൾ താണ്ടി കാൽ നടയാത്ര ചെയ്ത അദ്ദേഹത്തിന്റെ എളിമയും ലാളിത്യവും ആത്മീയതയും തുളുമ്പിനിന്ന ജീവിതം ഒരു പ്രകാശ ഗോപുരം കണക്കെ തൂവെളിച്ചം പ്രസരിപ്പിച്ചു കൊണ്ടിരുന്നു . അദ്ദേഹത്തിന്റെ ഭക്ഷണത്തിലും വസ്ത്രത്തിലും സംസാരത്തിലും ലാളിത്യം നിഴലിച്ചിരുന്നു. ഭക്ഷണം കഴിക്കുമ്പോൾ കൂടുതൽ രുചി അനുഭവപ്പെട്ടാൽ രുചിയില്ലാതാക്കാൻ അതിൽ വെള്ളമോ ഉപ്പോ കൂടുതൽ ചേർത്താണ് അച്ചൻ ഭക്ഷിച്ചിരുന്നത്. ആശയടക്കം എന്ന പുണ്യം എല്ലായ്പ്പോഴും പാണ്ടിപ്പിള്ളിയച്ചൻ അഭ്യസിച്ചിരുന്നു

പുണ്യസ്മരണാർഹനായ തിയോഫിലസ് പാണ്ടിപ്പിള്ളി അച്ചന്റെ നാമകരണ നടപടികൾക്കായി നിയമാനുസൃതം നിയമിതനായ പോസ്റ്റുലേറ്റർ ബഹുമാനപ്പെട്ട ഫാദർ ആൻഡ്രൂസ് അലക്സാണ്ടർ OFM Cap. പുണ്യശ്ലോകനായ തിയോഫിലസ് പാണ്ടി പ്പിള്ളി അച്ചന്റെ ജീവിതത്തെയും , വ്യക്തിത്വത്തിന്റെ വിവിധ വശങ്ങളെയും , ആദ്ധ്യാത്മികതയെയും , സുകൃതങ്ങളെയും വിശുദ്ധിയുടെ പ്രസിദ്ധിയെയും കുറിച്ചും ഈ നാമകരണ നടപടി മൂലം തിരുസഭയ്ക്ക് ഉണ്ടാകാവുന്ന ഗുണങ്ങളെപ്പറ്റിയും കാനോനികമായ വിദഗ്ധ പഠനം നടത്തുകയുണ്ടായി.

പുണ്യസ്മരണാർഹനായ തിയോഫിലസ് പാണ്ടിപ്പിള്ളി അച്ചന്റെ 75ാം ചരമവാർഷികത്തോടനുബന്ധിച്ച് 2022 ഡിസംബർ 26ാം തീയതി തിങ്കളാഴ്ച വൈകിട്ട് 3 ന് മടപ്ലാതുരുത്ത് സെൻറ് ജോർജ് പള്ളി അങ്കണത്തിൽ അർപ്പിക്കപ്പെടുന്ന ആഘോഷപൂർവ്വമായ സമൂഹദിവ്യബലി മധ്യേ തിയോഫിലസ് പാണ്ടിപ്പിള്ളി അച്ചനെ ദൈവദാസൻ എന്ന് നാമകരണം ചെയ്യും. ഇതോടെ നാമകരണ നടപടികൾക്ക് ഔദ്യോഗികമായ തുടക്കമാകും. ( ഇടയലേഖനത്തിന്റെ സംക്ഷിപ്തം ) ❍



# എല്ലാം മറക്കാം ക്രിസ്തുവിൽ നിന്ന് പുനരാരംഭിക്കാം

***പൗലോസ് അപ്പസ്തോലന്റെ ഗലാത്യക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം – 13

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



വിശുദ്ധ പൗലോസിന്റെ പ്രസംഗം യേശുവിലും അവിടത്തെ പെസഹാ രഹസ്യത്തിലും കേന്ദ്രീകൃതമാണ്. വാസ്തവത്തിൽ, അപ്പോസ്തലൻ ക്രിസ്തുവിൻറെ, ക്രൂശിതനായ ക്രിസ്തുവിന്റെ പ്രഘോഷകനായി സ്വയം അവതരിപ്പിക്കുന്നു (1 കോറിന്തോസ് 2: 2). കൽപ്പനകളുടെയും പാരമ്പര്യങ്ങളുടെയും ആചരണത്തിൽ തങ്ങളുടെ മതാത്മകതയെ ഉറപ്പിക്കാൻ പ്രലോഭിതരായ ഗലാത്യരെ, അദ്ദേഹം രക്ഷയുടെയും വിശ്വാസത്തിന്റെയും കേന്ദ്രബിന്ദുവിനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു: അതായത്, കർത്താവിൻറെ മരണവും പുനരുത്ഥാനവും.യേശുവിന്റെ കുരിശ് എന്ന യാഥാർത്ഥ്യം അവരുടെ മുന്നിൽ വെച്ചുകൊണ്ടാണ് അദ്ദേഹം ഇത് ചെയ്യുന്നത്. പൗലോസ് ഇങ്ങനെ എഴുതുന്നു: 'ആരാണ് നിങ്ങളെ മയക്കിയത്? യേശുക്രിസ്തു ആരുടെ കൺമുന്നിൽ ക്രൂശിതനായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നുവോ ആ നിങ്ങളെത്തന്നെ! (ഗലാത്തിയർ 3: 1).

ഇന്നും, സ്നേഹമാകുന്ന ദൈവത്തെ ആത്മശരീരങ്ങൾമുഴുവനും കൊണ്ട് ആശ്ലേഷിക്കുന്നതിനു പകരം ആചാരങ്ങളിലും പ്രമാണങ്ങളിലും ശ്രദ്ധാകേന്ദ്രീകരിച്ചുകൊണ്ട്, ജീവനുള്ള സത്യ ദൈവത്തെക്കാൾ മതപരമായ സുരക്ഷിതത്വം തേടുന്ന അനേകരുണ്ട്, ഇത് പുതിയ മതമൗലികവാദികളുടെ പ്രലോഭനമാണ്, അല്ലേ?മുന്നോട്ടുള്ള പാതയെ ഭയന്ന് മുന്നോട്ട് പോകാതെ, കൂടുതൽ സുരക്ഷിതത്വം തോന്നുന്നതിനാൽ പിന്തിരിഞ്ഞുപോകുന്നവരുടെ പ്രലോഭനമാണിത്: അവർ നമ്മുടെ സുരക്ഷിതത്വത്തിന്റെ ദൈവമല്ല, ദൈവത്തിന്റെ സുരക്ഷയാണ് അന്വേഷിക്കുന്നത്. അതുകൊണ്ടാണ് പൗലോസ് ഗലാത്യരോട് ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽ ജീവൻ പ്രദാനം ചെയ്യുന്ന ദൈവത്തിലേക്ക്മടങ്ങാൻ, സത്തയിലേക്ക് ദൈവത്തിന്റെ സെക്യൂരിറ്റികളിലേക്കല്ല: മടങ്ങാൻ ആവശ്യപ്പെടുന്നത്.

അത് അദ്ദേഹം നേരിട്ട് സാക്ഷ്യപ്പെടുത്തുന്നു: 'ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു, ഇനി ഞാനല്ല ജീവിക്കുന്നത്, എന്നിൽ ക്രിസ്തുവാണ് ജീവിക്കുന്നത്' (ഗലാത്തിയർ: 2:20). കത്തിന്റെ അവസാനഭാഗത്ത്, അദ്ദേഹം ഉറപ്പിച്ച് പ്രഖ്യാപിക്കുന്നു: 'എന്നെ സംബന്ധിച്ചിടത്തോളം, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ അല്ലാതെ മറ്റൊന്നിലും മേന്മഭാവിക്കാൻ ഇടയാകാതിരിക്കട്ടെ' (ഗലാത്തിയർ 6:14).

ആത്മീയ ജീവിതത്തിന്റെ നൂലിഴ നമുക്ക് നഷ്ടപ്പെടുമ്പോൾ, ആയിരക്കണക്കിന് പ്രശ്നങ്ങളും ചിന്തകളും നമ്മെ വേട്ടയാടുമ്പോൾ നമുക്ക് പൗലോസിന്റെ ഉപദേശം സ്വന്തമാക്കാം:ക്രൂശിതനായ ക്രിസ്തുവിന്റെ മുമ്പിൽ നമുക്ക് നമ്മെത്തന്നെ പ്രതിഷ്ഠിക്കാം, അവനിൽ നിന്ന് നമുക്ക് പുനരാരംഭിക്കാം.നമുക്ക് കുരിശുരൂപം കൈകളിലേന്താം, അത് നമ്മുടെ ഹൃദയത്തോടു ചേർത്തുവയ്ക്കാം. അല്ലെങ്കിൽ നമ്മുടെ ഹൃദയങ്ങളിലേക്ക് സ്നേഹം ചൊരിയുന്ന ദൈവത്തിന്റെ ശക്തിയായ ഉയിർത്തെഴുന്നേറ്റ ക്രൂശിതൻ, യേശു നമുക്കുവേണ്ടി അപ്പമായി മുറിക്കപ്പെട്ട ദിവ്യകാരുണ്യത്തിനു മുന്നിൽ ആരാധനയോടെ നില്ക്കാം.ഇനി നമുക്ക്, വിശുദ്ധ പൗലോസിന്റെ മാർഗ്ഗദർശനമനുസരിച്ചുതന്നെ ഒരു ചുവടു മുന്നോട്ടു വയ്ക്കാം.നമുക്ക് സ്വയം ചോദിക്കാം: ക്രൂശിതനായ യേശുവിനെ പ്രാർത്ഥനയിൽ കണ്ടുമുട്ടുമ്പോൾ എന്താണ് സംഭവിക്കുന്നത്? കുരിശിൻ ചുവട്ടിൽ സംഭവിച്ച അതേ കാര്യം: യേശു ആത്മാവിനെ സമർപ്പിക്കുന്നു (യോഹന്നാൻ 19:30), അതായത്, അവിടന്ന് സ്വന്തം ജീവൻതന്നെ നൽകുന്നു.

യേശുവിന്റെ പെസഹായിൽ നിന്ന് ഉത്ഭവിക്കുന്ന ആത്മാവാണ് ആത്മീയ ജീവിതത്തിന്റെ സാരം. ഹൃദയത്തെ മാറ്റുന്നത് അവിടന്നാണ്: നമ്മുടെ പ്രവൃത്തികളല്ല,അവൻ ഹൃദയത്തെ മാറ്റുന്നവനാണ്, നാം ചെയ്യുന്ന കാര്യങ്ങളല്ല, മറിച്ച് നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് നമ്മുടെ ഹൃദയത്തെ മാറ്റുന്നത്!സഭയെ നയിക്കുന്നത് അവിടന്നാണ്, അവിടത്തെ പ്രവർത്തനത്തോട് വിധേയത്വമുള്ളവരായിരിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു, സ്വഹിതാനുസാരം ഇഷ്ടമുള്ളിടത്തേക്ക് അവിടന്ന് വീശുന്നു.മാത്രമല്ല, പരിശുദ്ധാത്മാവ് എല്ലാവരുടെയും മേൽ ഇറങ്ങിയെന്നുംആരെയും ഒഴിവാക്കാതെ അവന്റെ കൃപ പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള അവബോധമാണ്, സുവിശേഷം എല്ലാവർക്കും വേണ്ടിയുള്ളതാണെന്നും ചുരുക്കം ചിലർക്കുവേണ്ടിയല്ലെന്നും അപ്പോസ്തലന്മാരിൽ ഏറ്റവും വിമുഖതയുള്ളവരെപ്പോലും ബോധ്യപ്പെടുത്തിയത്.സുരക്ഷിതത്വം തേടുന്നവർ, ചെറിയ കൂട്ടം, അന്നത്തെപ്പോലെ വ്യക്തമായ കാര്യങ്ങൾ, അവർ 'അന്നത്തെപ്പോലെ' ജീവിക്കുന്നു, അവർ ആത്മാവിൽ നിന്ന് അകന്നുപോകുന്നു,ആത്മാവിന്റെ സ്വാതന്ത്ര്യംഅവരിൽ പ്രവേശിക്കാൻ അവർ അനുവദിക്കുന്നില്ല.അങ്ങനെ, സമൂഹത്തിന്റെ ജീവിതം പരിശുദ്ധാത്മാവിൽ പുനരുജ്ജീവിപ്പിക്കപ്പെടുന്നു; നാം നമ്മുടെ ക്രിസ്തീയ ജീവിതത്തെ പരിപോഷിപ്പിക്കുകയും ആത്മീയ പോരാട്ടം തുടരുകയും ചെയ്യുന്നത് എല്ലായ്പ്പോഴും അവിടത്തെ ശക്തിയാലാണ്. (തുടരും)


കെ. സി. ബി. സി. മീഡിയകമ്മീഷൻ

മധുരം സായന്തനം

2023 ജനുവരി 20

വെള്ളി 4 മണിക്ക്



വൈപ്പിൻകരയിലെ
സുപ്രസിദ്ധ തീർത്ഥാടന
കേന്ദ്രമായ
മാനാട്ടുപറമ്പ്
തിരുഹൃദയ
ദൈവാലയത്തിൽ
2023
ജനുവരി 6 വെള്ളി
24 -ാമത്
ഊട്ട്തിരുനാൾ
ജനുവരി
8 ഞായർ മുതൽ
12 വ്യാഴം വരെ
വൈപ്പിൻ ബൈബിൾ
കൺവെൻഷൻ
വൈകീട്ട് 4 മണി മുതൽ 8.30 വരെ
PH : 0484-2494142
കവിതാഗ്രൂപ്പിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് കവിത ജ്വല്ലറി അവതരിപ്പിക്കുന്നു...
സുരക്ഷിതവും സുതാര്യവുമായ ഒരു സ്വർണ്ണാഭരണ സമ്പാദ്യപദ്ധതി
KAVITHA JEWELLERY GOLD ADVANCE PLUS
സുരക്ഷിത നിക്ഷേപമായ സ്വർണ്ണം മിതമായ വിലയ്ക്ക്
ഉപഭോക്താവിന് സ്വന്തമാക്കാനുള്ള സുവർണ്ണാവസരം
KAVITHA
JEWELLERY & TEXTILES
ചെറായി ദേവസ്വംനട | 0484 2488454
മാർക്കറ്റ് ജംഗ്ഷൻ വരാപ്പുഴ | 0484 2514730



# ഹയരാർക്കി സ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷത്തിന് തുടക്കമായി

പരിശുദ്ധ പിതാവ് ലെയോ പതിമൂന്നാമൻ മാർപാപ്പയാൽ 1896 ജൂലൈ 28–ാം തീയതി സ്ഥാപിതമായ എറണാകുളം വികാരിയാത്ത് 1923 ഡിസംബർ 21–ാം തീയതി പതിനൊന്നാം പീയൂസ് മാർപാപ്പയാൽ അതിരൂപതയായി ഉയർത്തപ്പെടുകയും ഈ അതിരൂപത ആസ്ഥാനമാക്കി സീറോമലബാർ സഭാ ഹൈരാർക്കി സ്ഥാപിതമാകുകയും ചെയ്തു. സീറോ മലബാർ സഭയുടെ വളർച്ചയ്ക്കും പുരോഗതിക്കും നേതൃത്വം നല്കി പ്രശോഭിക്കുന്ന എറണാകുളം– അങ്കമാലി മേജർ അതിരൂപതയുടെയും സീറോമലബാർ സഭയുടെയും ചരിത്രത്തിലെ സുപ്രധാന സംഭവമായ ഈ ഹൈരാർക്കി സ്ഥാപനത്തിന്റെ ശതാബ്ദി വർഷത്തിലേക്കു പ്രവേശിച്ചു കഴിഞ്ഞു. സീറോ മലബാർ സഭയുടെ ആസ്ഥാനമായ നമ്മുടെ അതിരൂപതയുടെ ശതാബ്ദി വർഷം 2022 ഡിസംബർ 21–ാം തീയതി ബുധനാഴ്ച സമുചിതമായി ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി. അന്നേദിനം അതിരൂപതാമക്കളായ നാം ഒരുമിച്ചുകൂടി വിശുദ്ധ കുർബാനയർപ്പിച്ചു ദൈവത്തിനു അന്ന് നന്ദി പറഞ്ഞ് നമ്മുടെ അതിരൂപതയുടെ കൂട്ടായ്മയും ചൈതന്യവും ഏറ്റുപറഞ്ഞു.

ഇനി അൽപം ചരിത്രം

1892 മുതൽ 1916 വരെ അപ്പസ്തോലിക് ഡലഗേറ്റായിരുന്ന ആർച്ചുബിഷപ്പ് സലെസ്ക്കി പേടിയാർക്ക് ആയി ഉയർത്തപ്പെടുകയും (Titular Patriarch of Latin Patriarchate of Antioch) റോമിൽ താമസം തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമികളായി ആർച്ചുബിഷപ്പ് ബിയോണ്ടിയും (Pietro Fumasoni Biondi, 1916–1919) ആർച്ചുബിഷപ്പ് പിസാനിയും (Pietro Pisani, 1919–1921) അപ്പസ്തോലിക് ഡലഗേറ്റുമാരായി. സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ പശ്ചാത്തലത്തിൽ പരിശുദ്ധ സിംഹാസനം മേല്പറഞ്ഞ മൂന്നു അപ്പസ്തോലിക് ഡലഗേറ്റുമാരുടെയും റിപ്പോർട്ടും അഭിപ്രായവും ആരാഞ്ഞു. മൂന്നുപേരും സീറോ മലബാർ ഹൈരാർക്കി സ്ഥാപിക്കുന്നതിനെ പൂർണ്ണമായും അനുകൂലിച്ചു. എന്നാൽ ഹൈരാർക്കിയുടെ ആസ്ഥാനം (അതിരൂപത) ഏതായിരിക്കണം എന്നതിനെക്കുറിച്ച് അവർ വ്യത്യസ്ത അഭിപ്രായക്കാരായിരുന്നു.

ആർച്ചുബിഷപ് സലെസ്ക്കി എറണാകുളമായിരിക്കണം ഹൈരാർക്കിയുടെ ആസ്ഥാനം (അതിരൂപത) എന്ന തന്റെ അഭിപ്രായം 27-06-1922-ൽ പൗരസ്ത്യ തിരുസംഘത്തെ കത്തുവഴി അറിയിച്ചു. നീണ്ട ഇരുപത്തിനാലു വർഷങ്ങൾ അപ്പസ്തോലിക് ഡലഗേറ്റായി സേവനം ചെയ്ത സലെസ്ക്കിക്ക് എല്ലാ വികാരിയാത്തുകളും അവയുടെ ഭൂപ്രകൃതിയുമെല്ലാം മനഃപാഠമായിരുന്നു. 1923-ൽ അദ്ദേഹം എറണാകുളം ആസ്ഥാനമാക്കി സീറോ മലബാർ ഹൈരാർക്കി സ്ഥാപിക്കണമെന്ന് ഓർമ്മപ്പെടുത്തി പൗരസ്ത്യ തിരുസംഘത്തിന് എഴുതി. ഇന്ത്യയിലെ ഏറ്റവും വലിയ നഗരങ്ങളിലൊന്നായി കൊച്ചി മാറുമെന്നും അന്ന് അദ്ദേഹം പ്രവചിച്ചിരുന്നു. ത്വരിത ഗതിയിലുള്ള നഗരവത്ക്കരണം എറണാകുളത്തു നടക്കുന്നുണ്ടായിരുന്നു. മാത്രമല്ല, നഗരവത്ക്കരണത്തിന്റെ ഭാഗമായി കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ജനങ്ങൾ എറണാകുളത്തേക്കും സമീപപ്രദേശങ്ങളിലേക്കും കുടിയേറിപ്പാർക്കാനും തുടങ്ങിയിരുന്നു.

ആർച്ചുബിഷപ് സലെസ്ക്കിയുടെ അഭിപ്രായങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ട്, എറണാകുളത്തിന്റെ ഭൂപ്രകൃതിയും രാഷ്ട്രീയ സാമ്പത്തിക പ്രാധാന്യവുമെല്ലാം പൗരസ്ത്യ തിരുസംഘം വിലയിരുത്തിയശേഷം, എറണാകുളത്തെ ആസ്ഥാന അതിരൂപതയാക്കിയും എറണാകുളം വികാരി അപ്പസ്തോലിക്കയായ മാർ അഗസ്റ്റിൻ കണ്ടത്തിലിനെ മെത്രാപ്പോലീത്തയായും ഹൈരാർക്കിയുടെ തലവനുമാക്കിയും സീറോ മലബാർ ഹൈരാർക്കി സ്ഥാപിക്കാൻ തീരുമാനിച്ചു.

ഹൈരാർക്കി സ്ഥാപിച്ചുകൊണ്ടുള്ള കമ്പി സന്ദേശം 20-12-1923-ൽ ഡലഗേറ്റ് അപ്പസ്തോലിക്കയുടെ ഓഫീസിൽ നിന്നും മാർ അഗസ്റ്റിൻ കണ്ടത്തിലിനു ലഭിച്ചു. 1923 ഡിസംബർ 24-നു പൗരസ്ത്യ തിരുസംഘാധ്യക്ഷൻ കാർഡിനൽ ഗാസ്പാരി മാർ കണ്ടത്തിലിനെ മെത്രാപ്പോലീത്തയായും എറണാകുളത്തെ അതിരൂപതയായും ഉയർത്തിയ വിവരം അറിയിച്ചു. "റൊമാനി പൊന്തിഫിച്ചെസ്" എന്ന അപ്പസ്തോലിക് കോൺസ്റ്റിറ്റിയൂഷനിൽ എറണാകുളം അതിരൂപതയെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: "നാം ശ്ലീഹായ്ക്കടുത്ത അധികാരത്തിന്റെ പൂർണ്ണമായ പ്രയോഗത്താൽ മലങ്കര സുറിയാനിക്കാരുടെ നാലു ശ്ലീഹായ്ക്കടുത്ത വികാരി യാത്തുകളെ അത്രയും സ്ഥിരസിംഹാസനങ്ങളായി സ്ഥാപിക്കുകയും അവയിൽ ഒന്നിനെ, അതായത് എറണാകുളത്തിനെ മെത്രാപ്പോലീത്തൻ രൂപതയുടെ പദവിയിലേക്കും മഹിമയിലേക്കും ഉയർത്തി ശ്രേയസ്കരിക്കുകയും ചെയ്യുന്നു.

1923-ൽ എറണാകുളം അതിരൂപതയായി ഉയർത്തപ്പെടുമ്പോൾ 99 ഇടവകകളും 7 കുരിശുപള്ളികളും 41 കപ്പേളകളും 150 വൈദികരും 25,160 വീടുകളും 1,31,130 ജനങ്ങളുമാണ് ഉണ്ടായിരുന്നത്. ഹൈരാർക്കി സ്ഥാപനത്തിനുശേഷം ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ എറണാകുളം-അങ്കമാലി അതിരൂപത അഞ്ചുലക്ഷം വിശ്വാസികളും 1,15,100 കുടുംബങ്ങളും 220 ഇടവകപ്പള്ളികളും 12 കുരിശുപള്ളികളും 450-ഓളം കപ്പേളകളും 460 വൈദികരും ഉള്ള അതിരൂപതയുടെയും ഇടവകപ്പള്ളികളുടെയും അതിരൂപതയിൽ പ്രവർത്തിക്കുന്ന സന്യാസസഭകളുടെയും മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്രസിദ്ധമായ സ്ഥാപനങ്ങൾകൊണ്ടും (സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, ട്രെയിനിംഗ് സെന്ററുകൾ, പ്രസ്സുകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ) സമ്പന്നമാണ് ഇന്ന് എറണാകുളം-അങ്കമാലി അതിരൂപത. ❍

# ആരും അറിയാതെ പോകുമായിരുന്ന ഒരു കർമ്മയോഗിക്ക് വീണ്ടും ആഗമന കവാടമൊരുക്കി ഒരു ഗ്രന്ഥം

**ഫാ. മാത്യു ബിനു മുക്കത്ത്**



മഹാമിഷണറിയും കർമയോഗിയുമായ കേരളത്തിന്റെ 'ഫ്രാൻസിസ് സേവ്യർ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പുണ്യശ്ലോകനായ തിയോഫിലസ് പാണ്ടിപ്പിള്ളിയച്ചനെക്കുറിച്ചുള്ള ആദ്യകൃതി രചിച്ചത് ഫാ. ജോഷി മുട്ടിക്കലാണ്. കേരള പൊതുസമൂഹത്തിനും ക്രൈസ്തവ സഭയ്ക്ക് പ്രത്യേകിച്ചും ഒരുപക്ഷേ അജ്ഞാതമായി പോകുമായിരുന്ന തിയോഫിലസ് പാണ്ടിപ്പിള്ളിയച്ചന്റെ ജീവിതരേഖകൾ കൈരളിക്ക് സമ്മാനിക്കാൻ ആവേശവും തീക്ഷ്ണതയും ചങ്കൂറ്റവും കാണിച്ച ഗ്രന്ഥകർത്താവ് ബഹുമാനപ്പെട്ട ജോഷി മുട്ടിക്കൽ അച്ചനെ എന്തുമാത്രം അഭിനന്ദിച്ചാലാണ് മതിയാവുക? വിശ്വാസത്തിന്റെ ആഴക്കടലായിരുന്ന പാണ്ടിപ്പിള്ളിയച്ചന്റെ ജീവിതത്തിൽ അലയടിച്ചിരുന്ന തിരമാലകൾക്കിടയിൽ ഒളിഞ്ഞുകിടന്നിരുന്ന മുത്തുച്ചിപ്പികളെല്ലാം പെറുക്കിക്കൂട്ടിയ ഒരു അനർഘ നിധിയാണ് മനോഹരമായ ഈ പുസ്തകം. പുണ്യചരിതനായ പാണ്ടിപ്പിള്ളിയച്ചന്റെ ജീവചരിത്രം ഈ കൃതിയിലൂടെ അനാവരണം ചെയ്യുമ്പോൾ അദ്ദേഹം ജീവിച്ചിരുന്ന ഒരു കാലഘട്ടംകൂടി നമ്മുടെ പ്രത്യേകമായ പഠനത്തിനും

ഫാദർ ജോഷി മുട്ടിക്കലും പരേതനായ
പിയർ പാണ്ടിപ്പിള്ളി മാസ്റ്ററും






ചിന്തയ്ക്കും വിധേ യമാവുകയാണ്. സാം സ്ക്കാരികമാ യും സാ മ്പത്തികമായും രാഷ്ട്രീയമാ യും കാര്യമായ പുരോഗ തിയൊന്നും പ്രാപിച്ചിട്ടില്ലാ തിരുന്ന ആ നാളുകളിൽ യേശുവിന്റെ സുവിശേഷ വെളിച്ചം സാധാരണ ക്കാരിലേ ക്കും പാവപ്പെട്ടവ രിലേക്കും കത്തിച്ചുകൊടു ക്കാൻ വെമ്പൽകാണിച്ച പ്രേഷിതനായ ഒരു വിപ്ലവകാരിയായി രുന്നു പാണ്ടിപ്പിള്ളിയച്ചൻ. ഇന്ന് സർക്കാരും മാധ്യ മങ്ങളും മേളപ്പെരുമയോടെ കൊട്ടിഘോഷി ക്കുന്ന സ്ത്രീശാക്തീ കരണം, സ്വയംതൊഴിൽ കണ്ടെത്തൽ, വൃദ്ധജന സംരക്ഷണം, സമൂഹ വിവാഹം എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം പാണ്ടിപ്പിള്ളിയച്ചൻ അര നൂറ്റാണ്ടുമുമ്പ് വളരെ നിശ്ശബ്ദമായി ചെയ്തിരുന്നു എന്നതാണ് പാണ്ടിപ്പിള്ളിയച്ചൻ എന്ന വിശുദ്ധാനായ സാമൂഹ്യ പരിഷ്കർത്താവിന്റെ പ്രത്യേകത. അച്ചനെക്കുറിച്ച് അറിവുള്ളവരിൽ പലരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു. അച്ചനെക്കുറിച്ച് അറിവുള്ളവരും നേരിട്ടു കണ്ടിട്ടുള്ളവരും അച്ചനെ അനുഭവിച്ചറിഞ്ഞവരുടെ എണ്ണം ഇന്ന് കൈവിരലിൽ എണ്ണാൻ മാത്രമായിക്കഴിഞ്ഞിരിക്കുന്നു. ഇവിടെയാണ് പാണ്ടിപ്പിള്ളിയച്ചനെക്കുറിച്ചുള്ള ഈ ചരിത്രപുസ്തകത്തിന് പ്രാധാന്യവും പ്രസക്തിയുമേറുന്നത്. പാണ്ടിപ്പിള്ളിയച്ചനെക്കുറിച്ചുള്ള ആദ്യത്തെ പുസ്തകം എന്ന നിലയിൽ ഈ പുസ്തകത്തിനും ഗ്രന്ഥകാരനും അനവധി ത്യാഗത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും കഥകൾ പറയാനുണ്ട്. ഈ പുസ്തകത്തിന്റെ രചനയ്ക്കുവേണ്ടി പാണ്ടിപ്പിള്ളിയച്ചനൊപ്പം ജീവിക്കുകയും നേരിട്ട് ബന്ധമുള്ളവരുമായും ധാരാളം മനുഷ്യരുമായി അഭിമുഖങ്ങളും നടത്തേണ്ടിവന്നു. അച്ചൻ ജീവിച്ചിരുന്നപ്പോൾ ഉപയോഗിച്ചിരുന്നതും അച്ചനുമായി ബന്ധപ്പെട്ടതുമായ അനേകം വസ്തുക്കളും സാധനങ്ങളുമ ചരിത്രരേഖകളും ശേഖരിക്കാനും ഭദ്രമായി സൂക്ഷിക്കാനും ഈ പുസ്തകം കാരണമായി. ഈ പുസ്തകം വെളിച്ചം കാണാനായി ധാരാളം യാത്രകളും സമ്പത്തും ചെലവഴിക്കേണ്ടിവന്നു. ഇതിനെല്ലാം പിന്നിൽനിന്ന് പ്രവർത്തിച്ചത് ക്രാന്തദർശിയും ചരിത്രബോധമുള്ള എഴുത്തുകാരനുമായ ജോഷി മുട്ടിക്കൽ അച്ചനായിരുന്നു. പാണ്ടിപ്പിള്ളി അച്ചനെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചും പുറംലോകം അറിയാൻ ജോഷിയച്ചൻ താൽപര്യം എടുത്തില്ലായിരുന്നുവെങ്കിൽ പാണ്ടിപ്പിള്ളിയച്ചനെക്കുറിച്ചുള്ള ആദ്യ പുസ്തകം പുറത്തിറങ്ങാൻ ഇനിയും കാലതാമസം വന്നേനെ. കൈരളിക്ക് ഇതിനോടകം നല്ല തികഞ്ഞ ഒരുപിടി ഈടുറ്റ ഗ്രന്ഥങ്ങൾ സമ്മാനിച്ചിട്ടുള്ള ജോഷി മുട്ടിക്കലച്ചന്റെ ഈ പുസ്തകം അദ്ദേഹത്തിന്റെ മറ്റ് കൃതികളിൽനിന്നും വേറിട്ടുനിൽക്കാൻപോകുന്നത് നമ്മോടൊപ്പം ജീവിച്ച് നമുക്കുവേണ്ടി ജീവിച്ച പാണ്ടിപ്പിള്ളിയച്ചൻ എന്ന മഹാ വിശുദ്ധാനായ വൈദികനെ ആദ്യമായി പുറംലോകത്തിന് പ്രത്യേകിച്ച് കൈരളിക്ക് സമ്മാനിക്കുന്ന പ്രഥമ പുസ്തകം എന്ന നിലയിലായിരിക്കും.

പുസ്തകം ലഭിക്കാൻ : 1)കോട്ടപ്പുറം രൂപത മതബോധന കേന്ദ്രം – 8281420078
2)Fr Joy Srambikal, Director 9747285494 3) Fr Jos Kottapuram 8137985657
St George's Church Madaplathuruth 4) Rector., Sacred Heart Latin Church
0487 –22655

# ഈ ദിനത്തിൽ ദൈവത്തിന് അർപ്പിക്കുന്ന നന്ദിയുടെ പൂക്കളിലുമുണ്ട് ജീവകാരുണ്യസുഗന്ധം



സ്റ്റാഫ് ലേഖകൻ

അറകളുടെ നാടും കരയുമാണ് അരണാട്ടുകര. അറയെന്നാൽ ആ നാട്ടിലെ ഗോഡൗണുകളാണ്. അവശ്യവസ്തുക്കൾ അടങ്ങിയ ആ ധാന്യശേഖരങ്ങൾ കാളവണ്ടിയിലും വഞ്ചികളിലുമായി മറ്റിടങ്ങളിലേക്ക് യാത്രയാകുന്നത് എത്രയോ വട്ടം ഡേവിസ് ചിറമ്മൽ എന്ന പേരിൽ ലോകമറിഞ്ഞ ക്രിസ്തീയ പുരോഹിതൻ തന്റെ ബാല്യകാലത്ത് നോക്കിനിന്നിട്ടുണ്ട്.


'പൊട്ടുകുത്തി ടീച്ചർ' കണക്ക് പഠിപ്പിക്കാൻ ഡെസ്ക്കിനു മേൽ നിരത്തിയ ലൂവിക്ക അടക്കമുള്ള നാടൻ പഴങ്ങൾ എണ്ണം പഠിക്കാൻ മാത്രമായിരുന്നില്ല. പഠനത്തിനൊടുവിൽ ടീച്ചർ തന്നെ ആ മധുര ഫലങ്ങൾ പങ്കിട്ട് നൽകിയ ഗുരുപാഠങ്ങളും പിൽക്കാലത്ത് ചിറമ്മലച്ചന്റെ ജീവിതപാതയിൽ കാരുണ്യദീപങ്ങൾ കൊളുത്തിവയ്ക്കാൻ പ്രേരണയായി.

2022 ഡിസബർ 30ന് കൊരട്ടി ക്വീൻ മേരി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചിട്ടുള്ള ചിറമേലച്ചന്റെ അറുപത്തി മൂന്നാം ജന്മദിനാഘോഷങ്ങളിൽ തെളിയുന്നതത്രയും ദൈവിക പദ്ധതിയുടെ ദീപവിതാനമാണ്. അവയവദാനത്തിലൂടെ, ജാതിമതഭേദമില്ലാതെ സ്നേഹപ്രവാഹങ്ങൾ തീർക്കാൻ മലയാളികളെ പ്രേരിപ്പിച്ച ഫാ. ഡേവിസ് ചിറമ്മൽ അന്നും ഇന്നും വിരൽചൂണ്ടുന്നത് 'ദൈവം സ്നേഹമാകുന്നു' എന്ന വേദവാക്യത്തിലേക്കാണ്.

പ്രളയവും കോവിഡും ഞെരിച്ചു തകർത്ത മനുഷ്യരുടെ സ്നേഹസഹവാസത്തിനായി പുതിയ സൂക്തങ്ങളൊന്നും ആവശ്യമില്ല. അപരന്റെ തൊണ്ടയിൽ തടയുന്ന ഗദ്ഗദങ്ങളും, അവന്റെ ഹൃദയത്തിലെ നൊമ്പരത്തുടിയിൽ നിന്നു മുഴങ്ങുന്ന താളലയങ്ങളും ഇഴ ചേർന്നാൽ അത് ദൈവത്തിനുള്ള സ്തുതി കീർത്തനങ്ങളായി മാറുമെന്ന് ചിറമ്മലച്ചൻ അന്നും ഇന്നും വിശ്വസിക്കുന്നു.

ദൈവമഹത്വത്തിനാകട്ടെ നമ്മുടെ ആഘോഷങ്ങൾ

ജന്മദിനാശംസകൾ നേരാൻ അച്ചന്റെ ലോകമെങ്ങുമുള്ള ഉദാരമതികൾ തീരു




മാനിച്ചപ്പോൾ ചിറമ്മലച്ചൻ ഒറ്റ നിബന്ധനയേ മുന്നോട്ടുവച്ചുള്ളൂ. "ആഘോഷങ്ങളെല്ലാം നല്ലത്. അത് ദൈവമഹത്വത്തിനായിരിക്കണം. മാത്രമല്ല, ആഘോഷങ്ങളുടെ നിറവത്രയും പകരേണ്ടത് മനുഷ്യഹൃദയങ്ങളിലേക്കാകണം." ചിറമ്മലച്ചന്റെ ഈ സ്നേഹംനിറഞ്ഞ അഭ്യർത്ഥന അച്ചന്റെ സുഹൃത്തുക്കൾ നിറവേറ്റുവാൻ ശ്രമിക്കുകയാണ്. ഡിസംബർ 30-ന് രാവിലെ 10.30ന് ഡോ. വി.വി. റോസ് രചിച്ച 'ഫാ. ഡേവിസ് ചിറമ്മൽസ് ഗ്യാലക്സി ഓഫ് എക്സ്പീരിയൻസ് എന്ന ഇംഗ്ലീഷ് ഗ്രന്ഥം ജസ്റ്റിസ് കെ.കെ. നാരായണക്കുറുപ്പ് കേരളത്തിലെ പ്രകാശനകർമ്മം നിർവഹിക്കും. ഗ്രന്ഥ രചയിതാവായ ഡോ. റോസിനെ ജസ്റ്റിസ് കുര്യൻ ജോസഫ് ആദരിക്കും. തുടർന്ന് ഫാ. ഡേവിസ് ചിറമ്മൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ 'കാരുണ്യസ്പർശം 2022' എന്ന പേരിലുള്ള ജീവകാരുണ്യ പദ്ധതി ജസ്റ്റിസ് കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്യും.

അദിലാബാദ് രൂപതാ മെത്രാൻ റവ. ഡോ. പ്രിൻസ് ആന്റണി, ബെന്നി ബെഹ്നാൻ എം.പി., എം.എൽ.എ.മാരായ സനീഷ്കുമാർ ജോസഫ്, റോജി ജോൺ, കൊരട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സി. ബിജു, കൊരട്ടി സെന്റ്മേരീസ് ഫൊറോന വികാരി ഫാ. ജോസ് ഇടശ്ശേരി എന്നിവർ ആശംസ നേരും.

ജന്മദിന ചടങ്ങിൽവച്ച് പ്രഖ്യാപിക്കുന്ന ജീവകാരുണ്യ പദ്ധതികളെക്കുറിച്ച് ട്രസ്റ്റിന്റെ ചെയർമാൻ രാജൻ തോമസും ട്രസ്റ്റി സി.വി. ജോസും വിശദീകരിക്കുകയുണ്ടായി. സൗജന്യ ഭവന നിർമാണ പദ്ധതി (63 പേർക്ക് 6 ലക്ഷം രൂപ വീതം), അഗതി മന്ദിരങ്ങൾക്ക് ഫ്രീസറുകൾ (63 അഗതിമന്ദിരങ്ങൾക്ക് 37000 രൂപ വീതം) ഭിന്നശേഷിക്കാർക്ക് വീൽചെയറുകൾ (63 പേർക്ക് 15000 രൂപ വീതം), ഡയാലിസിസ് രോഗികൾക്കുള്ള കിറ്റുകൾ (63 പേർക്ക് 1000 രൂപവീതം), രോഗികൾക്ക് ഔഷധം (63 പേർക്ക് 10,000 രൂപ വീതം), ദരിദ്രർക്കുള്ള ഗ്രോസറി കിറ്റുകൾ (63 പേർക്ക് 4500 രൂപ വീതം) എന്നിങ്ങനെ 4,20,52,500 രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. ചിറമേലച്ചന്റെ സുഹൃത്തുക്കളാണ് ജീവകാരുണ്യ പദ്ധതികൾക്കായുള്ള പണമത്രയും നൽകുന്നതെന്നും അവർ വിശദീകരിച്ചു.

**എല്ലാവരെയും സാന്ത്വനിപ്പിക്കാൻ**

ഇപ്പോൾത്തന്നെ ട്രസ്റ്റ് തുടർന്നുവരുന്നതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ ജീവകാരുണ്യ പദ്ധതികളുടെ പട്ടികയും വലുതാണ്. ഹങ്കർ ഹങ്ക് @ ഹോട്ടൽ പദ്ധതി ഓരോ ഹോട്ടലും 10 പേർക്ക് ദിവസേന സൗജന്യമായി ഭക്ഷണം നൽകുന്ന പദ്ധതിയാണ്. ഇതിനായുള്ള സംഭാവനപ്പെട്ടി ഹോട്ടൽ മാനേജരുടെ ടേബിളിൽ വയ്ക്കും. പദ്ധതിയുടെ ഭാഗമായി ഭക്ഷണം നൽകിയതിനുള്ള തുക സംഭാവനയായി ലഭിച്ചില്ലെങ്കിൽ ബാക്കി തുക ട്രസ്റ്റ് ഹോട്ടലുടമയ്ക്കും നൽകും. ഹങ്കർ ഹണ്ട് @ യുവർ ഡോർ എന്ന പദ്ധ




തിയും ഭക്ഷണം വിതരണം ലക്ഷ്യമാക്കിയുള്ളതാണ്. ചടങ്ങുകളിലുംമറ്റും ബാക്കിവരുന്ന ഭക്ഷണം ശേഖരിച്ച് വിശക്കുന്നവർക്ക് എത്തിച്ചുകൊടുക്കുന്ന പദ്ധതിയാണിത്. നാട്ടുചന്ത, ക്ലോത്ത് ബാങ്കും ഫുഡ് ബാങ്കും, പരിവർത്തൻ, നാലുമണിക്കാറ്റ്, അമ്മച്ചിയുടെ അടുക്കള, വീടില്ലാത്തവർക്ക് വീട്, ഹങ്കർ ഹണ്ട് @ ഫുഡ് ഷെൽഫ്, ഹങ്കർ ഹണ്ട് @ പുവർ ഹോംസ് (412 അഗതിമന്ദിരങ്ങൾക്ക് പ്രതിമാസം പലചരക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന പദ്ധതി, തൃശ്ശൂർ പെരിങ്ങാവിലുള്ള ക്ലോത്ത് ബാങ്കിൽ ഞായറാഴ്ച ദിനങ്ങളിൽ 2 രൂപയ്ക്ക് ഇഡ്ഡലി നൽകുന്ന പദ്ധതി (ഞായറാഴ്ച മാത്രം), കൊരട്ടിയിലെ സൗജന്യ കമ്പ്യൂട്ടർ പരിശീലന പദ്ധതി, സ്കൂളുകൾക്ക് പച്ചക്കറി തൈകൾ സംഭരിക്കുന്ന പദ്ധതി, കൊരട്ടി ദേവമാതാ ഹോസ്പിറ്റലിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സൗജന്യ ഡയാലിസിസ് നടത്തുന്ന പദ്ധതി എന്നിവയ്ക്കായി ട്രസ്റ്റ് ഇതിനകംതന്നെ 10,70,000 രൂപ ചെലവഴിച്ചുകഴിഞ്ഞു.

**പാപ്പയുടെ വാക്കുകൾക്ക് സാക്ഷ്യമാകാൻ**

ഒരു ഹൈന്ദവ സഹോദരനായി സ്വന്തം കിഡ്നി സൗജന്യമായി നൽകിക്കൊണ്ട്, ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായി മാറിയ ചിറമ്മലച്ചൻ ഇപ്പോഴും വിനീതനായി കൈകൾ നീട്ടി ലോകത്തിനായി പ്രാർത്ഥിക്കുന്നത് ദൈവസന്നിധിയിലേക്കുതന്നെ. ദുർബലർക്കും രോഗികൾക്കും സൗഖ്യത്തിന്റെയും സാന്ത്വനത്തിന്റെയും തണലൊരുക്കുന്ന ഒരു സുഹൃത് വലയത്തോടൊപ്പം ജാതിമതഭേദമന്യേ എല്ലാവരിലേക്കും കരുണയുടെ കരം നീട്ടുകയാണ് ഫാ. ഡേവിസ് ചിറമ്മൽ ട്രസ്റ്റ്. മനുഷ്യരിലെ സ്നേഹത്തിന്റെയും അനുകമ്പയുടെയും പങ്കുവയ്ക്കലിന്റെയും ഹൃദയ അറകളിൽനിന്ന് അനവധിപേർക്ക് ആശ്വാസമെത്തുമ്പോൾ, ഫ്രാൻസിസ് പാപ്പയുടെ പ്രബോധനങ്ങൾക്ക് ഇവിടെ വചനസാക്ഷ്യമൊരുങ്ങുകയാണ്. നമ്മുടെ ആഘോഷങ്ങളിൽ പരസ്നേഹത്തിന്റെ തേനടരുകൾ ചേർത്തുവയ്ക്കാനുള്ള പുതിയ ശീലങ്ങൾ ഉണ്ടാകട്ടെ. ഫ്രാൻസിസ് പാപ്പയുടെ 'എല്ലാവരും സഹോദരർ' എന്ന ചാക്രിക ലേഖനത്തിലെ നാലാം അധ്യായത്തിന്റെ തലവാചകം "മുഴുവൻ ലോകത്തിലേക്കും തുറന്നിരിക്കുന്ന ഒരു ഹൃദയ"മെന്നാണ്. അതേ, ചിറമ്മലച്ചന്റെയും ഒപ്പമുള്ള സന്മനസ്സുള്ളവരുടെ ഹൃദയങ്ങൾ മുഴുവൻ ലോകത്തിലേക്കും തുറന്നിരിക്കുകയാണ്. ആ ഹൃദയജാലകങ്ങളിലൂടെ നോക്കൂ: നമുക്ക് ചുറ്റുമുള്ളവരുടെ മുഖങ്ങളിൽ ഹൃദയമന്ദഹാസം കാണാം. ആ നിരയിൽ തെളിയുന്നുണ്ട് സംപ്രീതനായ ദൈവത്തിന്റെ മുഖവും. ❍

സീറോ മലബാർ
സഭയുടെ
ആസ്ഥാനമാക്കി
എറണാകുളത്തെ
ഉയർത്തിയതിന്റെ
ശതാബ്ദി
1923-2023

എറണാകുളം വികാരിയാത്തിനെ
ആസ്ഥാന അതിരൂപതയായി
ഉയർത്തി സിറോ മലബാർ ഹയരാർക്കി
സ്ഥാപിച്ചതിന്റെ ശതാബ്ദി 1923-2023

# ശതാബ്ദി വർഷം
## 2022-2023
# ഉദ്ഘാടനം

**2022 ഡിസംബർ 21 . ബുധൻ . 5.00 PM**
**കാർഡിനൽ പാറേകാട്ടിൽ നഗർ**
**ഭാരത് മാതാ കോളേജ്, തൃക്കാക്കര**

സ്നേഹത്തിൻ ജ്വാലയിൽ
സത്യത്തിൻ സാക്ഷ്യമായ്...



- സമൂഹബലിയർപ്പണം
- ശതാബ്ദി ദീപം തെളിയിക്കൽ
- നൂറിന കർമ്മപദ്ധതി പ്രഖ്യാപനം



# കൂട്ടായ്മകൾ കൊരുക്കപ്പെടേണ്ടത് കുടുംബങ്ങളുടെ സ്നേഹനൂലിഴകളിൽ

സി. ജോസ്ന R.J.M



**വിശുദ്ധ ക്ലോഡിൻ തെവനെയെക്കുറിച്ചുള്ള ജീവചരിത്ര കുറിപ്പുകളുടെ അഞ്ചാം ഭാഗം**

ആകാശം തൊടുന്ന ഭവന സമുച്ചയങ്ങൾ ജാലകക്കാഴ്ചകളിൽ. ഡെൽഹിയിൽ തണുപ്പും മഴയും ചേരികളിലും തെരുവുകളിലും ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. വിശുദ്ധ ക്ലോഡിൻ തെവനെയുടെ പിൻഗാമികളെന്ന നിലയിൽ എക്കാലത്തും ഞങ്ങളുടെ സന്യാസിനീ സമൂഹം ജീവകാരുണ്യ പ്രവർത്തനങ്ങളിലാണ് കൂടുതലായി ശ്രദ്ധയൂന്നുന്നത്. ഇല്ലാപ്പാവങ്ങളുടെ ഹൃദയങ്ങളെ തൊട്ടറിഞ്ഞുള്ള ദൈവശുശ്രൂഷയിലേക്ക് ഞങ്ങളെ എക്കാലത്തും ആനയിക്കുന്നത് വിശുദ്ധ തെവനെയുടെ പുണ്യജീവിതം തന്നെ.

എങ്ങനെയായിരിക്കണം, നമ്മുടെ മിഷണറി ദൗത്യമെന്ന ചിന്തയുടെ ചുറ്റുവട്ടത്തിൽ നാം കാണേണ്ടത് നമ്മുടെ ശുശ്രൂഷാ ദൗത്യം എവിടെ നിറവേറ്റപ്പെടുന്നുവോ അവിടെയെല്ലാം ഒരു കുടുബത്തിന്റേതായ ജീവിത സാഹചര്യമായിരിക്കണമെന്നുള്ളതാണ്. ഒരു അനാഥാലയമായാലും മുതിർന്നവർക്കുള്ള സാന്ത്വന ശുശ്രൂഷാഭവനമായാലും, ഒരു വിദ്യാലയമായാലും, ഒരു പ്രോവിൻസോ സംഘടനയോ ഇടവകയോ സന്യാസ സമൂഹമോ എന്തായാലും യേശുനാഥന്റെയും പരിശുദ്ധ അമ്മയുടെയും ജീവിതനാൾവഴികളാകണം നമ്മെ നയിക്കേണ്ടത്.

## പകർന്നു നൽകേണ്ടത് സ്നേഹ സുഗന്ധം

ഒരു ക്രിസ്തീയ വിശ്വാസി കുടുംബത്തിന്റെ ഇതൾ വിടർത്തി പകർന്നുനൽകേണ്ട സ്നേഹസുഗന്ധത്തെക്കുറിച്ച് ചിന്തയില്ലാത്തവരായി മാറരുത്. വിശുദ്ധ തെവനെയുടെ ജീവിതം, ഞാൻ മേൽ വിവരിച്ച ശുശ്രൂഷാ മേഖലകളിലേക്ക് പര



ന്നൊഴുകിയപ്പോഴും, യേശുവിനെയും മറിയത്തെയും തന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടാണ് സേവനശുശ്രൂഷകൾ ആരംഭിച്ചതും പൂർത്തിയാക്കിയതും. ഞങ്ങളുടെ സന്യാസി സമൂഹത്തിന്റെ കാരിസം ഇവരിൽ നിന്ന് സ്വാംശീകരിച്ചതാണ്.

അസോസിയേഷൻ
സ്ഥാപിക്കപ്പെടുന്നു

വിശുദ്ധായും ഏഴ് സുഹൃത്തുക്കളും 1816 ജൂലൈ 26ന് സമ്മേളിച്ചത് സെന്റ് ബ്രൂണോയിലെ ചാപ്പലിലായിരുന്നു. ഫാ. കോയിൻ ദ്രെയാണ് അവരുടെ കർമ്മപദ്ധാതി എങ്ങനെയായിരിക്കണമെന്ന് വിശദീകരിച്ചത്. ഫാ. കോയിൻ ദ്രെ അവരോട് പറഞ്ഞു: "നിരവധി പേർ അവരുടെ വിശുദ്ധീകരണം ആഗ്രഹിക്കുന്നുണ്ട്. അങ്ങനെ ചിന്തിക്കുന്നവർ ഒരുമിച്ച് കൂടി ദൈവസാന്നിധ്യത്തിലേക്ക് അടുക്കണമെന്ന് ആഗ്രഹിക്കുമ്പോൾ, ഓരോരുത്തരും പരസ്പരം പ്രാർത്ഥിച്ചുകൊണ്ട് , കരുണയുടെ പ്രവൃത്തികൾ പൂർത്തിയാക്കുമ്പോഴാണ് ദൈവദാസരുടെ സമൂഹമുണ്ടാകുന്നത്" ഈ പ്രാർത്ഥനാ യോഗത്തിന്റെ തുടർച്ചയായി മറ്റൊരു സംഭവമുണ്ടായി. 1816 ജൂലൈ 31 ന് വിശുദ്ധാ ഇഗ്നേഷ്യസ് ലൊയോളയുടെ തിരുനാൾ ദിനത്തിൽ ഔദ്യോഗികമായി അസോസിയേഷൻ ഓഫ് ദ സേക്രഡ് ഹാർട്ട് ഓഫ് ജീസസ് സ്ഥാപിക്കപ്പെട്ടു. ക്ലോഡിൻ തെവനെയായിരുന്നു അസോസിയേഷന്റെ പ്രസിഡണ്ട്. ഈശോയുടെ തിരുഹൃദയത്തിനും പരിശുദ്ധാ അമ്മയുടെ വിമലഹൃദയത്തിനും അംഗങ്ങൾ സ്വയം സമർപ്പിക്കപ്പെട്ടു. ഈ അസോസിയേഷൻ ഒരു സന്യാസ സമൂഹമായിരുന്നില്ല. പക്ഷെ, ആ സംഘടനയിൽ നിന്ന് ചില്ല വീശി, പിന്നീട് പൂത്തുവിടരാനാണ് റിലീജിയസ് ഓഫ് ജീസസ് മേരി എന്ന സന്യാസ സമൂഹത്തിനായുള്ള ദൈവിക പദ്ധാതി. വ്യക്തിയായാലും പ്രസ്ഥാനങ്ങളായാലും സന്യാസ സമൂഹമായാലും ദൈവപരിപാലനയുടെ വിൺവെളിച്ചത്തിലാണോ എന്ന് ചിന്തിക്കുക. ബാക്കിയെല്ലാം ദൈവം പറയുന്നതുപോലെ ചിട്ടപ്പെടുത്തിയാൽ മതി. (തുടരും )

# ഒരു പ്രാർത്ഥനാ നിയോഗത്തിന്റെ പൂർണ്ണിമയിൽ പാണ്ടിപ്പിള്ളി കുടുംബം

**ഇമ്മാനുവൽ ഗ്രേഷ്യസ് പാണ്ടിപ്പിള്ളി**



സ്വന്തം ജീവിതം മറ്റൊരു ജീവിതത്തിന്റെ ധന്യതയത്രയും അനാവരണം ചെയ്യപ്പെടാനായി മാറ്റിവയ്ക്കപ്പെടുന്നത് എപ്പോഴും ദൈവത്തിന് പ്രീതികരമാണ്. എന്റെ പിതാവ് പിയർ പാണ്ടിപ്പിള്ളി കേരള ഫ്രാൻസിസ് സേവ്യർ എന്ന അപരനാമത്തിൽ ഇന്നറിയപ്പെടുന്ന ഫാ. തിയോഫിലസ് പാണ്ടിപ്പിള്ളിയുടെ ദൈവദാസ പദവിയിലേക്കുള്ള വഴി വെട്ടിയൊരുക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്.

പാണ്ടിപ്പിള്ളിയച്ചൻ എന്റെ പിതാവിന്റെ അപ്പൂപ്പന്റെ സഹോദരനാണ്. എന്റെ ഓർമ്മയിൽ എന്റെ പിതാവിനെ വെള്ളമുണ്ടും വെള്ള ഷർട്ടും ധരിച്ചേ ഞാൻ കണ്ടിട്ടുള്ളൂ. .എന്റെ അമ്മ വീട് ഫോർട്ടുകൊച്ചി അമരാവതി ഈരശുള്ളിലാണ്. സാന്തക്രൂസിലെ അധ്യാപകനായിരുന്ന ഫ്രാൻസിസ് മാഷിന്റെ മകൾ മേരിയാണ് എന്റെ അമ്മ. അമ്മയും അധ്യാപികയായിരുന്നു. ഞങ്ങൾ മൂന്നു സഹോദരങ്ങൾ! ജോസ് സേവ്യർ, ശുഭ ഷിബി കുറുപ്പശേരി എന്നിവരാണ് മറ്റ് രണ്ട് സഹോദരങ്ങൾ.

തിയോഫിലാസ് പാണ്ടിപ്പിള്ളി ഫാമിലി ട്രസ്റ്റ് രൂപീകരിക്കുന്നതിൽ ഫാ. സിക്സ്റ്റസ് പാണ്ടിപ്പിള്ളിയോടൊപ്പം പ്രവർത്തിച്ച പിയർ പാണ്ടിപ്പിള്ളി ട്രസറ്റിന്റെ സെക്രട്ടറിയായി ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. എന്റെ പിതാവും അമ്മയും സർക്കാർ സർവീസിലെ അധ്യാപകരായിരുന്നു.

ഇന്ന് നാം കാണുന്ന അച്ചന്റെ ഫോട്ടോ എന്റെ പിതാവിന്റെ ശ്രമഫലമായിട്ടാണ് ലഭിച്ചത്. പത്രത്തിൽ പരസ്യം നൽകിയപ്പോൾ എറണാകുളത്തെ ഒരു കുടുംബം അവരുടെ വീട്ടിൽ അച്ചൻ സന്ദർശനം നടത്തിയ വേളയിൽ എടുത്ത കുടുംബ ഫോട്ടോയിൽ നിന്നും അയച്ചു തരുകയായിരുന്നു. ആ ചിത്രമാണ് ഇന്ന് എല്ലായിടത്തും പ്രചരിച്ചിരിക്കുന്നത്.

അച്ചന്റെ ജീവചരിത്രം രചിക്കുന്നതിനായി അച്ചനെ പറ്റി ഉള്ള വിവരങ്ങൾ ലഭിക്കുന്നതിന് പലതവണ പത്രത്തിൽ പരസ്യം നൽകിയിട്ടുണ്ട്. അതിന്റെ ഫലമായി പല മറുപടികളും ലഭിച്ചിട്ടുണ്ട്. അച്ചന്റെ ജീവിതകാലത്ത് നടന്ന പല സംഭവങ്ങളും പലരിൽ നിന്നുമായി എഴുതി വാങ്ങിയിട്ടുണ്ട്. തിയോഫിലസ് അച്ചന്റെ ചരമവാർഷിക ദിനമായ ഡിസംബർ 26 നു എല്ലാ വർഷവും മുടങ്ങാതെ ദിവ്യബലി അർപ്പിക്കുവാനുള്ള പണം നൽകുവാൻ മടപ്ലാത്തുരുത്തു ദൈവാലയത്തിൽ എന്റെ പിതാവ് പോകും. പലപ്പോഴും അമ്മച്ചിയും കൂടെ ഉണ്ടാവും. പിന്നീടാണ് ഇടവക ജനങ്ങൾ ഈ ദിവ്യബലിയും സ്നേഹവിരുന്നും ഏറ്റെടുത്ത് നടത്തുവാൻ തുടങ്ങിയത്. പാണ്ടിപ്പിള്ളി അച്ചൻ വിശുദ്ധിയുടെ പാതയിൽ ജീവിച്ച ഒരു വ്യക്തി ആയിരുന്നുവെന്ന് എന്റെ പിതാവ് ദൃഢമായി വിശ്വസിച്ചിരുന്നു.

# തുളുമ്പാൻ മടിച്ചു നിന്ന അറിവിൻ നിറകുടം

ചില സാത്വിക പ്രതിഭകൾ അങ്ങനെയാണ്. വല്ലാതങ്ങ് ഒതുങ്ങിക്കളയും. അവരുടെ അസാമാന്യമായ സിദ്ധി വൈഭവം, കുടത്തിലെ വിളക്കുപോലെ, ഘടദീപം എന്നു വിശേഷിക്കാൻ പറ്റും വിധം പൊതുജന സമക്ഷം സ്വയം അനാവൃതമാകാൻ മടിച്ചുനില്ക്കും. സഭാചരിത്ര പണ്ഡിതനായ ഡോ. ഫ്രാൻസിസ് പെരേപ്പറമ്പിലച്ചൻ ആ ഗണത്തിൽ വരുന്നു. ചരിത്ര ബന്ധിയായ നിരവധി പ്രഭാഷണങ്ങൾ, പഠന ക്ലാസ്സുകൾ തുടങ്ങിയവ അദ്ദേഹം നടത്തിയിട്ടുണ്ട്. നൂറുകണക്കിന് സുവനീറുകൾക്ക് എഴുതിയ ഈടാർന്ന ലേഖനങ്ങൾ സമാഹരിച്ചാൽ പത്തിരുപത് കുറ്റൻ ഗ്രന്ഥങ്ങളായി പുറത്തുവന്നേനെ. ഫ്രാൻസിസച്ചൻ, പക്ഷേ, അത്തരം കാര്യങ്ങളിൽ പൊതുവേ പരാങ്മുഖനോ നിർമമനോ ആയിരുന്നു. പ്രസാധനം ഏറ്റെടുക്കാൻ അദ്ദേഹം അംഗമായിരുന്ന സന്ന്യസ്ത സമൂഹം തയ്യാറായപ്പോഴൊക്കെ ചിരിച്ചുകൊണ്ട്, 'പിന്നെയാകട്ടെ' എന്നു പറയുന്നതായിരുന്നു പേരേപ്പറമ്പിലച്ചന്റെ സ്വഭാവ ശൈലി. എങ്കിലും മഞ്ഞുമ്മൽ കർമ്മലീത്താ സഭയുടെ മുൻ പ്രൊവിൽഷ്യലും ഡെഫനിറ്റർ ജനറലും ബൈബിൾ പണ്ഡിതനുമൊക്കെയായ ഡോ. അഗസ്റ്റിൻ മുള്ളൂരച്ചൻ കടുംപിടുത്തം പിടിച്ച് തയ്യാറാക്കിയ ഒരു പ്രൗഢ ഗ്രന്ഥം– കേരളസഭയുടെ കർമ്മലീത്താ വേരുകൾ – അതാണ് ഏക മലയാള കൃതി. ഡോ. മുള്ളൂർ ഇഗ്നേഷ്യസ് ഗൊൺസാൽവസ് എന്നിവർക്ക് പുറമേ പേരേപ്പറമ്പിൽ അച്ചന്റെ രചനാ സഹകാരിതയിൽ പുറത്ത് ഇറങ്ങിയ ഒരു ഇംഗ്ലീഷ് പുസ്തകം "The Story of Mustard Seed എന്നതും മലയാളത്തിലും ഇംഗ്ലീഷിലും സവ്യസാചീ സ്വാധീനമുണ്ടായിട്ടും വേറെ പുസ്തകങ്ങൾ ഇല്ലാതെ പോയത് സഭാ ചരിത്രസാഹിതിയുടെ തീരാനഷ്ടം.






**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി**

---

അതിന്റെ തെളിവാണ് അച്ചൻ ഉപയോഗിച്ചിരുന്ന സ്പൂണും ഫോർക്കും എടവനക്കാട് ഒരു വീട്ടിൽ പോയി കൊണ്ടുവന്നത്. അത്പോലെ തന്നെ പള്ളുരുത്തിയിൽ നിന്നും വന്ന ഒരു കത്തിന്റെ അടിസ്ഥാനത്തിൽ ആ വീട്ടിൽ ചെന്ന് അച്ചൻ അവിടെ സന്ദർശിക്കുമ്പോൾ ഉടുപ്പും മറ്റും വയ്ക്കുന്ന പെട്ടി അവരുടെ സമ്മതത്തോടെ വാങ്ങിയതിന് എന്റെ സഹോദരിയും സാക്ഷിയാണ്. അച്ചനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനായി ഫാദർ സിക്സ്റ്റസ് തയ്യാറാക്കിയ പ്രാർത്ഥനകൾ എന്റെ പിതാവ് മുൻകൈ എടുത്ത് ബിഷപ്പിന്റെ അനുവാദം വാങ്ങി പാണ്ടിപ്പിള്ളി കുടുംബങ്ങളിൽ ചൊല്ലി ഇപ്പോഴും ചൊല്ലി വരുന്നുണ്ട്. എല്ലാ ദിവസവും കിടക്കുന്നതിനു മുൻപ് മുട്ടുകുത്തി നിന്ന് തീവ്രമായ പ്രാർത്ഥന നടത്തുമായിരുന്നു തൊണ്ണൂറാം വയസ്സിലും. ആ പ്രാർത്ഥനയിലെ ഒരു നിയോഗം അച്ചന്റെ വിശുദ്ധ പദവി തന്നെയായിരുന്നു. ആ നിയോഗത്തിന്റെ പൂർണ്ണത സ്വർഗത്തിലിരുന്ന് കണ്ട് ഞങ്ങളുടെ മാതാപിതാക്കൾ ആഹ്ളാദിക്കുന്നുണ്ടാവും. ❍

# വിനയത്തിന്റെ കതിർക്കനം കാണിച്ചു തന്ന അക്ഷര താപസൻ




ദൈവോന്മുഖമായി ജീവിക്കുകയും, സമകാലിക പ്രശ്നങ്ങളോട് ക്രിസ്തീയമായ പ്രതികരിക്കുകയും ചെയ്ത റവ. ഡോ. അബ്രാഹം അടപ്പൂർ ഓർമ്മയായി. എറണാകുളം കലൂർ പോണോത്ത് റോഡിലെ ജ്യോതിസിൽ, ദീർഘകാലം ജീവിച്ച ആ അക്ഷരതാപസന്റെ തിരോധാനം, ഒരർത്ഥത്തിൽ സാമൂഹികരംഗത്തെ നീതിരാഹിത്യത്തോട് സൗമനസ്യത്തോടെ കലഹിച്ച വന്ദ്യ വൈദികരുടെ നിരയിൽ സൃഷ്ടിച്ച വിടവ് ഉടനെ നികത്തപ്പെടുമെന്ന് കരുതാനാവില്ല. മനുഷ്യനെതിരെയുള്ള എല്ലാ അനീതിപരമായ കടന്നുകയറ്റങ്ങളെയും ചെറുക്കാൻ ഫാ. അടപ്പൂർ കാണിച്ച ആർജ്ജവമാണ് മനോരമയും മാതൃഭൂമിയും പോലെയുള്ള മതേതരത്വ സ്വഭാവമുള്ള പ്രസിദ്ധീകരണങ്ങൾക്കുപോലും അദ്ദേഹം അഭിമതനാക്കി മാറ്റിയത്. താൻ വിശ്വസിക്കുന്ന ആശയവും നിഗമനങ്ങളും പ്രാവർത്തികമാക്കുവാനും അതിൽ ഉറച്ചുനിൽക്കുവാനും അദ്ദേഹം പ്രകടിപ്പിച്ച മനോധൈര്യം അനുകരണീയമാണ്. ഒരു സാധാരണ കട്ടിലിൽ ഒറ്റപ്പായിൽ തലചായ്ക്കുന്ന അദ്ദേഹത്തിന്റെ ചുറ്റും നിരന്നു കിടക്കുന്ന പുസ്തകങ്ങളുടെ കൂമ്പാരം പലപ്പോഴും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. തന്റെ മുറിയുടെ മുൻവശത്ത് വരാന്തയിൽ ഒരു ചാരുകസേരയിൽ ഇരുന്നുള്ള വായനയും എഴുത്തും ആകർഷണീയമാണ്. കഴിഞ്ഞ അമ്പത് വർഷത്തോളം ന്യൂമാൻ അസ്സോസിയേഷനെ നയിച്ച അദ്ദേഹത്തിന്റെ വേർപാട് തീരാനഷ്ടമാണ്.

അടപ്പൂരച്ചന് ആദരാഞ്ജലികൾ. കലൂർ ജ്യോതിസിന്റെ ഒന്നാം നിലയിലെ അര മതിലിനപ്പുറമിരുന്നിരുന്ന അടപ്പൂരച്ചൻ ഇനിയില്ല. പകരമുള്ളത് ഒരുപാടുപേരുടെ ഹൃദയങ്ങളിൽ കൊളുത്തിയ നേരറിവിന്റെ ജ്വാലകൾ മാത്രം. ഒരു സാധാരണ കട്ടിലിൽ ഒറ്റപ്പായിൽ തലചായ്ക്കുന്ന അദ്ദേഹത്തിന്റെ ചുറ്റും നിരന്നു കിടക്കുന്ന പുസ്തകങ്ങളുടെ കൂമ്പാരം പലപ്പോഴും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. തന്റെ മുറിയുടെ മുൻവശത്ത് വരാന്തയിൽ ഒരു ചാരുകസേരയിൽ ഇരുന്നുള്ള വായനയും എഴുത്തും ആകർഷണീയമാണ്. കഴിഞ്ഞ അമ്പത് വർഷത്തോളം ന്യൂമാൻ അസ്സോസിയേഷനെ നയിച്ച അദ്ദേഹത്തിന്റെ വേർപാട് തീരാനഷ്ടമാണ്. ❍



**ജോസഫ് ആഞ്ഞിപ്പറമ്പിൽ**



# സ്നേഹത്തിന്റെയും കരുതലിന്റെയും ആ ഹൃദയതാളം നിലച്ചു !


കണ്ണന്തച്ചൻ ലോകത്തോട് വിടപറഞ്ഞ വാർത്ത കേട്ടപ്പോൾ, ആ വന്ദ്യ വൈദികനോടൊപ്പമുള്ള ജീവിതയാത്രയുടെ രംഗങ്ങൾ മനസ്സിൽ തെളിഞ്ഞു. കണ്ണന്തച്ചനോടൊപ്പം തുടങ്ങിയ ആ യാത്ര പിന്നീട് പി.ഒ.സി.യോടൊപ്പവും കേരള സഭയ്ക്കുമൊപ്പവുമായി. കണ്ണന്തച്ചൻ എന്നെ കൈപിടിച്ചുകൊണ്ടുവന്ന ജീവിതപാതയിലേക്ക് പിൻതിരിഞ്ഞു നോക്കുമ്പോൾ, കേരളസഭയുടെ വിശാല വീഥിയിലൂടെയുള്ള ആ യാത്ര 54 വർഷങ്ങൾ കടന്നുപോയെന്നുള്ള ചാരിതാർത്ഥ്യം മനസ്സിൽ നിറയുന്നു. കണ്ണന്തച്ചന്റെ ദീർഘവീക്ഷണത്തിന്റെ കൺപാതയിൽ എനിക്കും ഒരു സ്ഥാനം ലഭിച്ചത് ദൈവികപദ്ധതിയാണെന്ന് ഞാൻ ഏറെ വിനയത്തോടെ ഏറ്റുപറയുന്നു.

1967–ൽ മംഗലപ്പുഴ സെമിനാരിയിൽ വച്ചാണ് കണ്ണന്തച്ചനെ ഞാൻ ആദ്യമായി കാണുന്നത്. സെമിനാരിയുടെ പ്രസ്സിൽ പാർട് ടൈം ജീവനക്കാരനായിരുന്നു ഞാൻ അന്ന്. കത്തുകൾ തപാലിൽ അയയ്ക്കാൻ ആർ.എം.എസിൽ രാത്രികാലത്ത് പോകേണ്ടിവന്നപ്പോൾ അച്ചൻ കൂട്ടിനായി എന്നെ വിളിച്ചിരുന്നു. അന്ന് അച്ചന് ഒരു മോട്ടോർ ബൈക്കുണ്ട്. അതിലായിരുന്നു യാത്ര മുഴുവൻ. പി.ഒ.സി.യുടെയും, പി.ഒ.സി. ആദ്യമായി പ്രസിദ്ധീകരിച്ച ബൈബിൾ പുതിയനിയമ പ്രസാധനത്തിന്റെയും പിന്നിൽ കണ്ണന്തച്ചന്റെ ത്യാഗഭരിതമായ സേവനമുണ്ട്. കൃത്യനിഷ്ഠയായിരുന്നു കണ്ണന്തച്ചന്റെ ഏറ്റവും വലിയ പ്രത്യേകത. ഒപ്പം ഏതൊരു കാര്യവും പൂർണ്ണതയോടെ നടപ്പാക്കാൻ കണ്ണന്തച്ചൻ പ്രകടിപ്പിച്ചിരുന്ന കാര്യക്ഷമതയും അനന്യമായ സ്വഭാവസവിശേഷതയാണ് പി.ഒ.സി.യുടെ ആരംഭവും, ആ സഭാസ്ഥാപന സമുച്ചയം നിശ്ചിത സമയത്ത് പൂർത്തിയാക്കിയതുമെല്ലാം, കണ്ണന്തച്ചന്റെ പേരിലുള്ള കേരളസഭാചരിത്രത്തിലെ അടയാളക്കുറിപ്പുകളാണ്. ഈ ചെറുകുറിപ്പിൽ കണ്ണന്തച്ചന്റെ ജീവിത ചരിത്രമോ സഭയ്ക്ക് ആ വന്ദ്യവൈദികൻ നൽകിയ സംഭവനകളോ രേഖപ്പെടുത്താൻ കഴിയില്ല. പി.ഒ.സി. പിൽക്കാലത്ത് സന്ദർശിച്ചപ്പോഴെല്ലാം അന്നത്തെ ഡയറക്ടർമാർ കണ്ണന്തച്ചനോട് പ്രകടിപ്പിച്ച കരുതൽ എന്റെ മനസ്സിലുണ്ട്. 'ദാസന്റെ കടമ നിർവഹിച്ചതേയുള്ളു' എന്ന ബൈബിൾ വാക്യത്തിന്റെ ഉൾവിനയം എക്കാലത്തും ആ ജീവിതത്തെ പുൽകിനിന്നു. തന്നോടൊപ്പം ജോലി ചെയ്തവരെ, പി.ഒ.സി.യിലെ തന്റെ സേവനത്തിനുശേഷവും സ്നേഹപൂർവം ഓർമ്മിച്ചിരുന്നുവെന്നതിന് എത്രയോ സംഭവങ്ങൾ ! ഒപ്പം നടന്നപ്പോഴുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും ആ ഹൃദയതാളം ഇനിയില്ല. പകരം ഓർമ്മച്ചിത്രങ്ങളിൽ കുറിച്ചിട്ട രംഗങ്ങൾ മാത്രം. കണ്ണന്തച്ചന്റെ ആത്മാവിനു മുന്നിൽ പ്രണാമം. ❍



ജോയി ജോർജ്

വാർത്തയും ചിന്തയും



# ഒറ്റപ്പെടലിലേയ്ക്കല്ല, ഉറ്റബന്ധത്തിലേക്ക്...

**ആന്റണി ചടയംമുറി**

**വാർത്ത**

ഓക്സ്ഫഡ് നിഘണ്ടുവിന്റെ ഈ വർഷത്തെ വാക്കായി ലോകം തെരഞ്ഞെടുത്തത് ഗോബ്ലിൻ മോഡ് (Goblin Mode) എന്ന ആംഗലേയ പദമാണ്. 2009-ൽ പ്രയോഗത്തിൽ വന്ന വാക്കാണിത്. മഹാമാരിയുടെ കാലത്ത് വീട്ടിൽ ഒറ്റയ്ക്കായി പോകുകയും സ്വന്തം രൂപത്തെക്കുറിച്ചുപോലും ചിന്തിക്കാതെയും ഒരു മനുഷ്യൻ കഴിയുന്ന ജീവിതാവസ്ഥയെയാണ് ഗ്ലോബിൻ മോഡ് എന്ന പദം സൂചിപ്പിക്കുന്നത്. ഹോളിവുഡ് നടിയും മോഡലുമായ ജൂലിയാഫോക്സുമായുള്ള ഒരു അഭിമുഖത്തിൽ ഒരു ട്വിറ്റർ യൂസർ കോവിഡിനുശേഷമുള്ള മനുഷ്യസ്വഭാവത്തിന്റെ നിർവികാരതയെയും നിസ്സംഗതയെയും ധ്വനിപ്പിക്കുന്ന ഈ വാക്ക് ഉപയോഗിച്ചതോടെ ആ പദം വൈറലായി മാറി. നമ്മെക്കുറിച്ച് സമൂഹത്തിനുള്ള പ്രതീക്ഷകൾ തകിടം മറിക്കുന്ന ജീവിതരീതി ചില മനുഷ്യർ സ്വീകരിച്ചതിന് മാധ്യമ വാർത്തകൾ തന്നെ സാക്ഷി. പരസ്പരസ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സന്മനസ്സിന്റെയും സഹനത്തിന്റെയുമെല്ലാം സന്ദേശസൗഭാഗ്യങ്ങളെക്കുറിച്ചാണ് ക്രിസ്തുവിന്റെ തിരുപ്പിറവി നമുക്ക് പറഞ്ഞുതരുന്നത്. ക്രൈസ്തവർ പോലും നാം തന്നെ കെട്ടിയുയർത്തുന്ന ചുവരുകൾക്കുള്ളിൽ ഇന്ന് കഴിയുന്നുണ്ടോ ? ക്രിസ്മസിന്റെ നക്ഷത്രവഴി നാം അറിയാതെ മറക്കുന്നുണ്ടോ ? സമൂഹം എന്തു കരുതിയാലും ഞങ്ങൾക്കൊന്നുമില്ലെന്ന ചിന്തയാണോ നമ്മെ ഭരിക്കുന്നത്? ഒരു നല്ല കുമ്പസാരം സ്വയം നടത്തിനോക്കുന്നത് ഈ ക്രിസ്മസ് നാളുകളിൽ ആർക്കും അനുയോജ്യമാണ്.

**ചിന്ത**

ഏകാകിത്വവും സ്വന്തം താൽപര്യങ്ങളിലേക്കുള്ള പിൻവാങ്ങലും ഒരിക്കലും പ്രത്യാശ പുനഃസ്ഥാപിക്കാനും നവീകരണം നടത്താനുമുള്ള വഴിയാവുകയില്ല. പിന്നെയോ ഉറ്റബന്ധമാണ് അതിനുള്ള വഴി. അത് കണ്ടുമുട്ടലിന്റെ സംസ്കാരമാണ്. ഒറ്റപ്പെടൽ പാടില്ല..-
**ഫ്രാൻസിസ് പാപ്പ (എല്ലാവരും സഹോദർ - നമ്പർ 30)**

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

VATHICAN THARANGAM
RN 55178/94
Total Pages 40 Date of Publication 24-12-2022




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.